# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.17/577/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി. 30/03/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി http://aims.ksad.kerala.gov.in/esubmission അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

കെ.എസ്.എ.എം.പി.എം.17/577/2019 തിയ്യതി: 30-03-2019

മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.08.2017 മുതൽ 06.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : അജിത് ആർ, ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം :07.03.2019 മുതൽ 19.03.2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സാബു പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുന്നാസർ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. യൂസഫ് പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് ഫാസിൽ ടി ടി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.പി.കുമാരൻ | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. ബാബു ടി.കെ | 01.04.2017 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ശ്രീനിവാസൻ എം | 01.04.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനിയർ | ശ്രീമതി. സിന്ദു.എൻ | 01.04.2017 മുതൽ 20.01.2018 വരെ |
| | ശ്രീമതി. ജുമൈലത്ത് വി.വി | 21.01.2018 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. അശ്വതി | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. മിനി സി | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ഡോ. ഡിസ് പി.പി | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വിജയലക്ഷ്മി | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ഹമീദ് യു എം | 01.04.2017 മുതൽ 31.03.2018 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ. അബ്ദുൽ മജീദ് | 01.04.2017 മുതൽ 29.08.2017 വരെ |
| | ശ്രീ. ബിന്ദു സുധാകർ | 30.08.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.നഷീത്ത് | 01.04.2017 മുതൽ 02.06.2017 വരെ |
| | ഡോ. റിൻസി എം ബഷീർ (ഇൻ ചാർജ്) | 03.06.2017 മുതൽ 02.10.2017 വരെ |
| | ഡോ. മുജീബ് റഹ്മാൻ | 03.10.2017 മുതൽ 29.10.2017 വരെ |
| | ഡോ. സൈറ മോൾ | 30.10.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.രാജൻ | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| ഭാഗം II<br>വരവ് കണക്കുകളിൽ മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 13 | ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ സൂക്ഷിപ്പിലെ/പിരിവ് സംബന്ധിച്ച അപാകതകൾ | 2-1 | |
| 14 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നില്ല | 2-2 | |
| ഭാഗം III<br>ചെലവ് കണക്കുകളിൽ മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 15 | പൂർത്തീകരണ കാലാവധി കഴിഞ്ഞ പ്രവർത്തികളിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല | 3-1 | |
| 16 | എർത്ത് വർക്ക് എക്സ്കവേഷനിലൂടെ ലഭിച്ച മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തുന്നില്ല | 3-2 | |
| 17 | കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല | 3-3 | |
| 18 | കരാറുകാരന് സർവ്വീസ് ടാക്സ് ഇനത്തിൽ തുക നൽകിയത് മൂലം അധികചെലവ്- | 3-4 | |
| 19 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു. | 3-5 | |

| | | | |
|---|---|---|---|
| 20 | 3 മീറ്ററിൽ താഴെയുള്ള കോൺക്രീറ്റ് റോഡുകൾക്ക് കനം കൂട്ടി നിർമ്മിച്ചതു മൂലം അധിക ചെലവ്. | 3-6 | |
| 21 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനസഹായം നൽകി | 3-7 | |
| 22 | മരുന്നുകൾ ലഭ്യമായിട്ടില്ല | 3-8 | |
| 23 | ദുരിതാശ്വാസ നിധി അക്കൗണ്ട് സൂക്ഷിപ്പിലെ - അപാകതകൾ | 3-9 | |
| 24 | തൃപ്രങ്ങോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ HMC വരവ്-ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല | 3-10 | |
| 25 | ശമ്പള പരിഷ്ക്കരണ കുടിശ്ശികക്ക് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-11 | |
| 26 | ഗ്രാമ പഞ്ചായത്ത് വിഹിതം നൽകി- കൈപറ്റ് രശീതീയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. | 3-12 | |
| 27 | എസ്.സി. യുവജനങ്ങൾക്ക് ഓട്ടോറിക്ഷ നൽകൽ- അപാകതകൾ | 3-13 | |
| 28 | കുടിവെള്ള പദ്ധതികൾ ഗ്രാമ പഞ്ചായത്തിന് ബാധ്യതയായി മാറുന്നു | 3-14 | |
| 29 | ഭവന നിർമ്മാണം (ജനറൽ-ലൈഫ്) - ഗുണഭോക്താവ് തിരിച്ചടച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടവാക്കിയിട്ടില്ല. | 3-15 | |
| 30 | സാക്ഷരതാ പ്രേരക്മാർക്ക് തനത് ഫണ്ടിൽ നിന്നും വേതനം നൽകി- തുക സാക്ഷരതാ ഫണ്ടിൽ നിന്നും ക്രമീകരിച്ചിട്ടില്ല. | 3-16 | |
| 31 | ഗ്രാമ പഞ്ചായത്തുകൾക്ക് തുക കൈമാറിയതിന് രശീതി ഹാജരാക്കിയിട്ടില്ല | 3-17 | |
| ഭാഗം IV<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 33 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |

| | | | |
|---|---|---|---|
| 35 | വായ്പ /വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 39 | ചാർജ്, സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| അനുബന്ധം | | | |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 43 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 44 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 45 | ബാലൻസ് ഷീറ്റ് | 5 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 25.03.2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി (ഇ-സബ്മിഷൻ) | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 06.06.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2017-18 | 27.06.2018 മുതൽ 28.06.2018 വരെ | കെ.എസ്.എ.എം.പി.എം.17/1654/2018 തിയതി 04.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,07,93,732.71 |
| വരവ് | 8,00,51,218 |

| | |
|---|---|
| ആകെ | 9,08,44,950.71 |
| ചെലവ് | 8,51,98,482 |
| നീക്കിയിരുപ്പ് | 56,46,468.71 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം (ACR പ്രകാരം) | | 0 | 18390400 | 18390400 | 18380821 | 9579 | 99.94 % |
| വികസനഫണ്ട് – എസ്.സി.പി (ACR പ്രകാരം) | | 0 | 4706125 | 4706125 | 4687792 | 18333 | 99.61% |
| വികസനഫണ്ട് – ടി.എസ്.പി | | 0 | 139907 | 139907 | 0 | 139907 | 0 % |
| സംരക്ഷണ ഗ്രാന്റ് – റോഡ് (ACR പ്രകാരം) | | 0 | 14337882 | 14337882 | 14267155 | 70727 | 99.50 % |
| സംരക്ഷണ ഗ്രാന്റ് - നോൺറോഡ് (ACR പ്രകാരം) | | 0 | 5341002 | 5341002 | 5192427 | 148575 | 97.21% |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8705297 | 8705297 | 7042913 | 1662384 | 80.90 % |
| കെ.എൽ.എസ്.ജി.ഡി.പി ലോക ബാങ്ക് ധനസഹായം (ACR പ്രകാരം) | കേന്ദ്ര വിഹിതം | 0 | 18289 | 18289 | 18289 | 0 | 100% |
| | സംസ്ഥാന വിഹിതം | 0 | 18289 | 18289 | 0 | 18289 | 0 % |
| സാക്ഷരത | | 2401.5 | 0 | 2401.5 | 0 | 2401.5 | 0% |
| ദുരിതാശ്വാസ നിധി | | 0 | 5,13,179 | 5,13,179 | 1,00,000 | 4,13,179 | 80.51% |
| എൻ. ആർ. ഇ. ജി.എസ്. | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6038 | 856369 | 862407 | 837031 | 25376 | 97.05% |
| | തൊഴിലാളികളുടെ കൂലി | 0 | 1,50,14,061 | 1,50,14,061 | 1,50,14,061 | 0 | 100 % |
| ബി. ഫണ്ട് | | 0 | 5,10,72,560 | 5,10,72,560 | 5,10,72,560 | 0 | 100% |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് (KGB – ചമ്രവട്ടം) | 4620284.5 | 1,29,08,911 | 17529195.5 | 12094924 | 5434271.5 | 68.99% |
| | ട്രഷറി അക്കൗണ്ട് | 4590185 | 18046718 | 22636903 | 24452973 (13195821 Redemption) | −1816070 | |
| | E-payment (State Bank) | 10760 | 554883 | 565643 | 217610 | 348033 | 38.47 % |
| മറ്റിനം | സ്റ്റേറ്റ് ബാങ്ക് Sand | 187190 | 0 | 187190 | 187190 | 0 | 0 % |
| | VPFA -1_2 | 913751 | 0 | 913751 | 0 | 913751 | 0 % |
| | കുടുംബശ്രീ | 3622 | 0 | 3622 | 0 | 3622 | 0 % |
| | Plan Imprest | 1420 | 0 | 1420 | 0 | 1420 | 0 % |
| | SBI NOAP | 354119.33 | 0 | 354119.33 | 0 | 354119.33 | 0 % |
| | SBI Maternity | 4898.38 | 0 | 4898.38 | 0 | 4898.38 | 0 % |

കുറിപ്പ് :

1) സ്റ്റേറ്റ് ബാങ്കിലെ Sand അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 07.07.2017 ലെ 2ാം നമ്പർ തീരുമാന പ്രകാരം ക്ലോസ് ചെയ്തു.

ബാലൻസ് തുക 187190 E-payment
(State Bank) ലേക്ക് ട്രാൻസ്ഫർ ചെയ്തു.
2) Total Sanitation Campaign (TSC) നീക്കിയിരിപ്പ് തുക 808902 കേരള ഗ്രാമീൺ ബാങ്കിലെ നീക്കിയിരിപ്പ് തുകയുമായി 366501 പൊരുത്തപ്പെടുന്നില്ല
3) ട്രഷറി ടി എസ്.ബി അക്കൗണ്ടിലെ ആകെ ചെലവ് തുകയിൽ (24452973) 13195821 രൂപ സർക്കാർ പിൻവലിച്ചതാണ്.
4) ദുരിതാശ്വാസ നിധിയുടെ ബാങ്ക് അക്കൗണ്ടിന്റെ വിവരം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല- പാസ് ബുക്ക് പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | പൂർണമായും നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 246 | 91825964 | 190 | 56515366 | 0 | 56 | 77.23 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ -

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6038 | 856369 | 862407 | 837031 | 25376 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,50,14,061 | 1,50,14,061 | 1,50,14,061 | 0 |
| ആകെ | 6038 | 15870430 | 15876468 | 15851092 | 25376 |

## 1-8 തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം<br>Unemployment Allowance Scheme | 9960 | 17 |
| കർഷകതൊഴിലാളി പെൻഷൻ<br>Pension for Agricultural Workers | 3731000 | 289 |
| വിധവാപെൻഷൻ<br>Destitute /Widow Pension | 19679100 | 1587 |
| വാർദ്ധക്യകാലപെൻഷൻ<br>National Old Age Pension | 22471300 | 1612 |
| വികലാംഗപെൻഷൻ<br>Pension for Physically Challenged/Mentally Challenged | 4434300 | 343 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ<br>Pension for Unmarried women aged above 50 | 446900 | 33 |
| വിവാഹ ധനസഹായം<br>Financial Help for Widow's Daughters Marriage | 300000 | 10 |
| ആകെ | 5,10,72,560 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.03.2019 ന് 10.30ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 127825/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1. തെരുവു വിളക്കുകളുടെ എണ്ണം, ഇനം, അവ സ്ഥാപിച്ച സ്ഥലം എന്നിവ കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല
2. അസി.സെക്രട്ടറി നിർദ്ദിഷ്ട മാതൃകയിൽ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.
3. ജീവനക്കാരുടെ ഇൻക്രിമെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
4.ബിൽ രജിസ്റ്ററിൽ ബിൽ നം, വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല.
5.എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവർത്തി പൂർത്തീകരിക്കേണ്ടുന്ന തീയതി രേഖപ്പെടുത്തുന്നില്ല.
6.കരാറുകാർക്ക് അയക്കുന്ന സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തുന്നില്ല.
7.കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റുന്ന തീയതി സെലക്ഷൻ നോട്ടീസിന്റെ പകർപ്പിൽ രേഖപ്പെടുത്തുന്നില്ല.
8.ഫയലുകളിലൊന്നും തന്നെ പ്രവർത്തി പൂർത്തീകരണം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ല.
9.ഫയലുകളിലൊന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.02.2019 | 12/2018 & 01/2019 | 16.02.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-12-10 മുതൽ 01-01-11 വരെ | 2004-05 മുതൽ 2009-10 വരെ | 07-02-11 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ.

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകളിൽ പരിഹരിക്കാൻ ശേഷിക്കുന്നവ.

1-ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് വരവ് വാർഷിക കണക്ക്, ചെലവ് പത്രിക എന്നിവ പ്രകാരം 6490986 രൂപയാണ്. എന്നാൽ ACR പ്രകാരം 7042913 രൂപയുമാണ്. വർഷാവസാനം കാഷ് ചെയ്യാത്ത ബിൽ തുക ചെലവായി ACR ൽ ബുക്ക് ചെയ്തത് ക്രമ പ്രകാരമല്ല.

2-ട്രഷറി തനത് ഫണ്ട്, TSCB പ്ലാൻ ഇംപ്രസ്റ്റ്, TSCB സാക്ഷരത, SBI മാറ്റേണിറ്റി, TSCB കുടുംബശ്രീ എന്നീ അകൌണ്ടുകളുടെ പാസ്സ് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് , റീകൺസിലിയേഷൻ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3-വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B18 ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവെൽ മുൻകൂർ ഇനത്തിൽ 6000 രൂപ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ബാലൻസ് ഇല്ല.

4-അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ B7, B18 ഷെഡ്യൂളുമായി പൊരുത്തപെടുത്തിയിട്ടില്ല.

5-RMF, Royalty ഇനത്തിൽ 73866 രൂപ ബാലൻസ് ഷീറ്റ് B18 ഷെഡ്യൂളിൽ മുൻ വർഷ കണക്കിലും തൽവർഷ കണക്കിലും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക തിരികെ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

6-ക്രമ നമ്പർ രണ്ട് ആയി പരാമർശിച്ച Non operative അക്കൌണ്ടുകൾ ക്ലോസ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല.

7-EFMS വഴി വന്ന തുകയും അഡ്മിൻ ചെലവ് ഇനത്തിൽ വന്ന തുകയും ചേർന്ന തുകയാണ് income and Expenditure 1.6 ഷെഡ്യൂളിൽ NREGS ഇനത്തിൽ രേഖപ്പെടുത്തേണ്ടത്. എന്നാൽ ഈ ഇനത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുക വസ്തുതാപരമല്ല.

8-വസ്തു നികുതി ഗാർഹികേതര ഇനത്തിൽ 156922 രൂപ ബുക്ക് അഡ്ജസ്റ്റ്മെന്റ് ഇനത്തിൽ കളക്ഷൻ വന്നതാണ് എന്ന് ഡി.സി.ബി പത്രിക വ്യക്തമാക്കുന്നു. എന്നാൽ മുൻവർഷ AFS പ്രകാരം ഈ ഇനത്തിലെ കളക്ഷൻ 142397 രൂപയാണ്.

9-വസ്തു നികുതി ഗാർഹിക ഇനത്തിൽ 148680 രൂപ ബുക്ക് അഡ്ജസ്റ്റ്മെന്റ് ഇനത്തിൽ മുൻകൂർ കളക്ഷൻ വന്നതാണ് എന്ന് ഡി.സി.ബി പത്രിക വ്യക്തമാക്കുന്നു. എന്നാൽ മുൻവർഷ AFS പ്രകാരം ഈ ഇനത്തിലെ മുൻകൂർ കളക്ഷൻ 164648 രൂപയാണ്.

10-വസ്തു നികുതി അരിയർ ഇനത്തിൽ (ഗാർഹിക, ഗാർഹിഗേതര) 1705502 രൂപ ഡിമാന്റ് ചെയ്ത് കളക്ട് ചെയ്തതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മുൻ വാർഷിക കണക്ക് പ്രകാരം (ബാലൻസ് ഷീറ്റ് B15 ഷെഡ്യൂൾ) 1762601 രൂപയാണ് Sundry debters ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

11-ക്ളോസിങ്ങ് സ്റ്റോക്ക് ഇനത്തിൽ 10074 രൂപ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

12-17.03.2017 ന് നൽകിയ 3000 രൂപയുടെ ചെക്ക് ഇപ്പോഴും ക്യാഷ് ചെയ്യാതെ ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ ബാധ്യതയായി നിലനിർത്തിയിട്ടുണ്ട്. എന്നാൽ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

13-വി.ഇ.ഓ ബിൽ 10/28.03.2018 പ്രകാരം പിൻവലിച്ച 140000 രൂപ പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ ഈ തുക സർക്കാർ ഹെഡിലേക്ക് തിരിച്ചടവാക്കിയിട്ടില്ല.

14-അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിങ്ങ് കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല.

15-TSC ക്കായി പ്രത്യേകം അക്കൗണ്ട് സൂക്ഷിക്കുന്നുണ്ട്. എന്നാൽ Balance Sheet B4 ഷെഡ്യൂളിലെ ബാധ്യതയായി രേഖപ്പെടുത്തിയ തുക അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപെടുന്നില്ല.

16-Capital Work in Progress ഇനത്തിൽ ബാലൻസ് ഷീറ്റിൽ 1700291 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട പ്രവർത്തികൾ സംബന്ധിച്ച് വർക്ക് ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

17. വാർഷിക ധനകാര്യ പത്രിക – ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് I 14(d) പ്രകാരം വിവാഹ ധനസഹായം (Financial Help for Widow's Daughters Marriage) നൽകിയത് 510,000 രൂപയാണ്, എന്നാൽ ട്രഷറി ബില്ല് പ്രകാരം ഈയിനത്തിൽ തുക മാറിയത് 300,000 രൂപയാണ് (ബില്ല് നമ്പർ 06/30.08.2017 ₹ 180,000 + ബില്ല് നമ്പർ 15/23.01.2018 ₹ 120,000)

19. ദുരിതാശ്വാസ നിധിയുടെ ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ 22.02.2018 ൽ 61500 രൂപ പ്രാരംഭ ഡെപ്പോസിറ്റായി അക്കൗണ്ട് ആരംഭിച്ചു. 31.03.2018 ൽ 413,179 രൂപ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ടി അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

20. ഗ്രാമ പഞ്ചായത്ത് 31.05.2018 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ (ബി-15) ൽ വസ്തു നികുതി ഗാർഹിക കെട്ടിടങ്ങളിൽ 21286 രൂപയും ഗാർഹികേതര കെട്ടിടങ്ങളിൽ 7964 രൂപയും തൻവർഷ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി സ്റ്റേറ്റ്മെന്റിൽ 100 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ സൂക്ഷിപ്പിലെ/പിരിവ് സംബന്ധിച്ച അപാകതകൾ

ഡി&ഒ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ലൈസൻസ് എടുക്കുന്നതിനുള്ള സമയക്രമം പാലിക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പായും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പായും ലൈസൻസിന് സമർപ്പിക്കേണ്ടതുണ്ട്.

എന്നാൽ 2017-18 വർഷത്തിൽ 392 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. 2016-17 ൽ 369 സ്ഥാപനങ്ങളാണ് ഉണ്ടായിരുന്നത്. പുതുക്കി നൽകിയതിൽ 5 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുക്കുന്നതിനുള്ള സമയക്രമം പാലിച്ചത്. പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ഡിമാന്റ് ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. പുതിയ അപേക്ഷകർ സപ്ലിമെന്ററി ആയി വാർഡ് അടിസ്ഥാനത്തിൽ ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2016-17 ലൈസൻസ് അനുവദിച്ച എല്ലാ കടകളും 2017-18 ൽ പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പ് വരുത്തേണ്ടതാണ്. 4 സ്ഥാപനങ്ങൾ 2018-19 വർഷത്തെ ലൈസൻസ് പുതുക്കുന്നതിനോട് കൂടെയാണ് പുതുക്കിയത്. ലൈസൻസ് സമയബന്ധിതമായി പുതുക്കാത്തവർക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി ഫയിലിൽ ഇല്ല. ക്ലോസ് ചെയ്ത കടകളുടെ വിവരം രജിസ്റ്ററിലോ, ട്രേഡേഴ്സ് ലിസ്റ്റിലോ ഇല്ല. അത്തരം സ്ഥാപനങ്ങളെ പ്രത്യേകം ലിസ്റ്റ് ചെയ്യേണ്ടതാണ്. ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

3. ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ റേഷൻകടകൾ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ സി.എസ് എ 9-764/2019 നമ്പർ സർക്കുലർ പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

4. ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകളിലെ അന്വേഷണ റിപ്പോർട്ട് പരിശോധിച്ചതിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിനാവശ്യമായ വസ്തുതകൾ പ്രധാനമായും സ്ഥാപനത്തിന്റെ പ്രതിദിന വിറ്റുവരവ്, തൊഴിൽ നികുതി ഈടാക്കുന്നതിനാവശ്യമായ സ്ഥാപനത്തിന്റെ ആകെ വരുമാനം, ആകെ ജീവനക്കാരുടെ എണ്ണം എന്നിവ പരിശോധന റിപ്പോർട്ടിൽ ഉൾപ്പെടുത്താത്തതിനാൽ തൊഴിൽ നികുതി, ലൈസൻസ് എന്നീ തനത് വരുമാനത്തിൽ കുറവ് സംഭവിക്കുന്നുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്ര.ന | ഡി ആന്റ് ഒ അപേക്ഷ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 3 | കെ.പി.കെ പെട്രോളിയം |
| 2 | 4 | മിലൻ ഗോൾഡ് ആന്റ് ഡയമെണ്ട്സ് |
| 3 | 9 | എലൈറ്റ് പ്ലസ് |

| | | |
|---|---|---|
| 4 | 16 | അൽ മദീന ജ്വല്ലറി |
| 5 | 34 | എച്ച്.എസ് മോട്ടേഴ്സ് |
| 6 | 77 | ലൗലാന്റ് ഹോട്ടൽ |
| 7 | 123 | അമേസ് അസോസിയേറ്റ്സ് |
| 8 | 164 | കുളത്ത് എന്റർപ്രൈസസ് |
| 9 | 189 | അമാന ടെക്സ്റ്റൈൽസ് |
| 10 | 204 | മോട്ടോ ക്വിക്ക് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/12.03.2019) അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ തുടർ നടപടി സ്വീകരിക്കുമെന്ന് സെക്രട്ടറി അറിയിച്ചു.

## 2-2 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നില്ല

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ഓരോ അർദ്ധ വർഷത്തിലും മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടേയും, 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്തോ അല്ലെങ്കിൽ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് പഞ്ചായത്തിന് വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ ബിസിനസ് നടത്തുകയോ, ഉദ്യോഗം വഹിക്കുന്നതോ അല്ലെങ്കിൽ 60ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നവനോ ആയ ഏതൊരാൾക്കും തൊഴിൽ നികുതി ചുമത്തേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204 )

ഡി & ഒ ലൈസൻസ് അപേക്ഷ /ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി അടക്കുന്നുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി അടക്കുന്നില്ല. 2017-18 ലെ ഡി & ഒ ലൈസൻസ് അപേക്ഷകൾ പ്രകാരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം താഴെ കൊടുക്കുന്നു.

| ക്ര.ന | ഡി & ഒ ലൈസൻസ് രജിസ്റ്റർ ക്ര.നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | 2 | റിസ ഹോം കെയർ പ്രോഡക്ട്സ് | 4 |
| 2 | 3 | കെ.പി.കെ പെട്രോളിയം | 4 |
| 3 | 4 | മിലൻ ഗോൾഡ് ആന്റ് ഡയമെണ്ട്സ് | 4 |
| 4 | 9 | എലൈറ്റ് പ്ലസ് | 4 |
| 5 | 10 | ബാസിൽ സോഡാ ഫാക്ടറി | 5 |
| 6 | 16 | അൽ മദീന ജ്വല്ലറി | 4 |

| ക്ര.ന | ഡി & ഒ ലൈസൻസ് രജിസ്റ്റർ ക്ര.നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 7 | 27 | എം ആർ ബേക്കറി | 5 |
| 8 | 34 | എച്ച്.എസ് മോട്ടേഴ്സ് | 4 |
| 9 | 58 | ട്രാൻസ് കോൺടിനെന്റൽ ബിൽഡിംഗ് സോല്യൂഷ്യൻസ് | 6 |
| 10 | 67 | താസ ഓയിൽ ആന്റ് ഫ്ലവർ മില്ല് | 4 |
| 11 | 77 | ലൗലാന്റ് ഹോട്ടൽ | 4 |
| 12 | 78 | ഗ്രീൻലാന്റ് ഹോട്ടൽ | 4 |
| 13 | 86 | പ്രിയം പപ്പടം വർക്സ് | 5 |
| 14 | 123 | അമേസ് അസോസിയേറ്റ്സ് | 14 |
| 15 | 129 | ഹാജി മുഹമ്മദ് സൺസ് പെട്രോൾ പമ്പ് | 7 |
| 16 | 144 | ശ്രേയസ് ഫുഡ് പ്രോഡക്ട്സ | 4 |
| 17 | 164 | കുളത്ത് എന്റർപ്രൈസസ് | 4 |
| 18 | 165 | കുളത്ത് സൂപ്പർ മാർക്കറ്റ് | 3 |
| 19 | 174 | കുളത്ത് മില്ലിംഗ് കമ്പനി | 10 |
| 20 | 189 | അമാന ടെക്സ്റ്റൈൽസ് | 4 |
| 21 | 204 | മോട്ടോ ക്വിക്ക് | 5 |

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280 രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപ. 3 ൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന കച്ചവട സ്ഥാപനങ്ങളുടെ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ളത്. 2 ൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന ധാരാളം കച്ചവട സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ തൊഴിലാളികളിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/12.03.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പൂർത്തീകരണ കാലാവധി കഴിഞ്ഞ പ്രവർത്തികളിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയില്ല

അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ രേഖകൾ പരിശോധിച്ചതിൽ, കരാറുകാരൻ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകാതിരിക്കുകയും, എന്നാൽ പൂർത്തീകരണ കാലാവധി കഴിഞ്ഞതുമായ പ്രവർത്തികളിൽ 2012 ൽ ജി.ഒ.(പി) 13/2012/PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2116.1 അനുശാസിക്കും പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയിട്ടില്ല എന്ന് കണ്ടു. ടി സെക്ഷൻ പ്രകാരം, കരാർ ഉടമ്പടി പ്രകാരമുള്ള നിശ്ചിത തീയതിക്കകം പ്രവർത്തി പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്ത സംഗതികളിൽ, കരാറുകാർ പ്രവർത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനായി അസ്സി.എൻജിനീയർ മുഖേന അപേക്ഷ നൽകാത്ത പക്ഷം, പ്രവർത്തി പൂർത്തീകരണത്തിനായി അനധികൃതമായി എടുക്കുന്ന ഓരോ ആഴ്ചക്കും,കരാർ തുകയുടെ 0.1% (പരമാവധി കരാർ തുകയുടെ 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. ആയത് ഈടാക്കാതിരുന്നതു മൂലമുണ്ടായ നഷ്ടത്തിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ വിവരങ്ങൾ | പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി. /പൂർത്തീകരിച്ച തീയതി. | അധികം എടുത്ത ദിവസങ്ങൾ /ആഴ്ചകൾ. | ഈടാക്കേണ്ട പിഴ.1% | ഈടാക്കിയത് | ബാക്കി ഈടാക്കാനുള്ളത് |
|---|---|---|---|---|---|
| മലബാർ സ്കൂൾ വടക്കേപ്പാടം റോഡ് ടാറിംഗ്-<br>പ്രൊജക്ട് നം. എസ്സ്.ഒ-39/18.<br>അടങ്കൽ-250000/-<br>ആകെ മൂല്യം-250643/-<br>കരാറുകാരൻ-കെ.രഘുരാജ്.<br>കരാർ തുക – 249612/-<br>കരാർനം./തീയതി-52/16-17,dt.17-03-2017.<br>പൂർത്തീകരണ കാലാവധി-3 മാസം.<br>MB.No.58/16-17.<br>ബിൽ നം, തീയതി,തുക-53/17-18, 25/01/2018, 209750/- | 17-06-17/15-01-2018. | 211/30 | 7488/- | 2098/- | 5390/- |

| | | | | | |
|---|---|---|---|---|---|
| | | | | | |
| പൂഴിക്കുന്ന് ഗരുഡൻ കാവ് റോഡ് റീ-ടാറിംഗ്-<br>പ്രൊജക്ട് നം. 44/18.<br>അടങ്കൽ-300000/-<br>ആകെ മൂല്യം-300000/-<br>കരാറുകാരൻ- കെ.രഘുരാജ്.<br>കരാർ തുക – 300000/-<br>കരാർനം./തീയതി- 53/16-17,dt.21-03-2017.<br>പൂർത്തീകരണ കാലാവധി-3 മാസം.<br>MB.No.64/16-17.<br>ബിൽ നം, തീയതി,തുക- 54/17-18, 25/01/2018, 284700/- | 21-06-17/12-01-18 | 203/29 | 8700/- | - | 8700/- |
| പെരുന്തല്ലൂർ - പൂവ്വാംകുളം റോഡ് ടാറിംഗ്-<br>പ്രൊജക്ട് നം. 29/18.<br>അടങ്കൽ-226000/-<br>ആകെ മൂല്യം-226000/-<br>കരാറുകാരൻ- കെ.രഘുരാജ്.<br>കരാർ തുക – 226000/-<br>കരാർനം./തീയതി- 07/16-17,dt.19-01-2017.<br>പൂർത്തീകരണ കാലാവധി-3 മാസം.<br>MB.No.56/16-17.<br>ബിൽ നം, തീയതി,തുക- 54/17-18, 25/01/2018, | 19-04-17/16-01-18 | 271/38 | 8588/- | - | 8588/- |

| | | | | | |
|---|---|---|---|---|---|
| 226000/- | | | | | |
| കുറ്റിക്കാട്ട് ചോലയിൽ കോളനി റോഡ് ടാറിംഗ്-<br>പ്രൊജക്ട് നം. 38/18.<br>അടങ്കൽ-400000/-<br>ആകെ മൂല്യം-384894/-<br>കരാറുകാരൻ- പരമേശ്വരൻ.<br>കരാർ തുക – 380000/-<br>കരാർനം./തീയതി-20/16-17,dt.20-01-2017.<br>പൂർത്തീകരണ കാലാവധി-3 മാസം.<br>MB.No.62/16-17.<br>ബിൽ നം, തീയതി,തുക-56/17-18, 25/01/2018, 380000/- | 20-04-17/30-12-17. | 254/36 | 13680 | 3800/- | 9880/- |
| പെരുന്തല്ലൂർ - മലായ് റോഡ് ടാറിംഗ്-<br>പ്രൊജക്ട് നം. 29/18.<br>അടങ്കൽ-285000/-<br>ആകെ മൂല്യം-285000/-<br>കരാറുകാരൻ-കിഷോർകുമാർ.<br>കരാർ തുക – 285000/-<br>കരാർനം./തീയതി-15/16-17,dt.21-01-2017.<br>പൂർത്തീകരണ കാലാവധി-3 മാസം.<br>MB.No.54/16-17. | 21-04-17/23-05-17. | 32/4 | 1140/- | - | 1140/- |

| | | | | | |
|---|---|---|---|---|---|
| ബിൽ നം, തീയതി,തുക-<br>62/17-18, 25/01/2018,<br>285000/- | | | | | |
| ഹനുമാൻ കാവ് -<br>കൊളപ്പാറ റോഡ്<br>റീ-ടാറിംഗ്-<br>പ്രൊജക്റ്റ് നം. 46/18.<br>അടങ്കൽ-300000/-<br>ആകെ മൂല്യം-300000/-<br>കരാറുകാരൻ- പരമേശ്വരൻ.<br>കരാർ തുക – 300000/-<br>കരാർനം./തീയതി-<br>44/16-17,dt.09-03-2017.<br>പൂർത്തീകരിക്കേണ്ട<br>തീയതി-31-03-17.<br>MB.No.52/17-18<br>ബിൽ നം, തീയതി,തുക-<br>63/17-18, 25/07/2017.<br>255000/- | 31-03-17/28-12-17 | 271/38 | 11400/- | - | 11400/- |
| ബ്രാഞ്ച് - മദ്രസ്സ റോഡ്<br>ടാറിംഗ്-<br>പ്രൊജക്റ്റ് നം. 58/18.<br>അടങ്കൽ-200000/-<br>ആകെ മൂല്യം-200000/-<br>കരാറുകാരൻ-<br>വി.പി.സാനു.<br>കരാർ തുക – 200000/-<br>കരാർനം./തീയതി-<br>12/16-17,dt.19-01-2017. | 19-01-17/19-05-17 | 217/31 | 6200/- | 2000/- | 4200/- |

| | | | | | |
|---|---|---|---|---|---|
| പൂർത്തീകരണ കാലാവധി-4 മാസം.<br>MB.No.63/16-17<br>ബിൽ നം, തീയതി,തുക- 66/17-18, 28/02/2018. 200000/- | | | | | |
| മലയമ്പാടി - കൈപ്പാടം റോഡ് ടാറിംഗ്-<br>പ്രൊജക്റ്റ് നം. 58/18.<br>അടങ്കൽ-200000/-<br>ആകെ മൂല്യം-200000/-<br>കരാറുകാരൻ- എ.ബാലൻ.<br>കരാർ തുക – 200000/-<br>കരാർനം./തീയതി- 55/16-17,dt.31-03-2017.<br>പൂർത്തീകരണ കാലാവധി-4 മാസം.<br>MB.No.67/16-17<br>ബിൽ നം, തീയതി,തുക- 68/17-18, 28/02/2018. 200000/- | 31-03-17/06-01-18. | 158/22 | 4400/- | 2000/- | 2400/- |
| പൂഴിക്കുന്ന് ഹനുമാൻ കാവ് റോഡ് റീ-ടാറിംഗ്-<br>പ്രൊജക്റ്റ് നം. 45/18.<br>അടങ്കൽ-300000/-<br>ആകെ മൂല്യം-200000/-<br>കരാറുകാരൻ- എ.ബാലൻ.<br>കരാർ തുക – 200000/-<br>കരാർനം./തീയതി- | 21-06-17/05-01-18 | 96/13 | 2600/- | 2000/- | 600/- |

| | | | | | |
|---|---|---|---|---|---|
| 54/16-17,dt.31-03-2017.<br>പൂർത്തീകരണ കാലാവധി-6 മാസം.<br>MB.No.66/16-17.<br>ബിൽ നം, തീയതി,തുക- 65/17-18, 28/02/2018, 200000/- | | | | | |
| ആകെ | | | | | 52298/- |

പ്രവർത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനായി അസ്സി.എൻജിനീയർ മുഖേന അപേക്ഷ നൽകാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കാതെ മുഴവൻ തുക അനുവദിച്ചതിനും, ദീർഘീകരണത്തിനുള്ള അപേക്ഷ വാങ്ങാതെ പ്രവർത്തി പൂർത്തീകരിക്കാനനുവദിച്ചതിനും മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-13/14-03-2019) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ അധികം നൽകിയ 52298/- ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 എർത്ത് വർക്ക് എക്സ്കവേഷനിലൂടെ ലഭിച്ച മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തുന്നില്ല

പ്രവർത്തിയുടെ വിവരങ്ങൾ

പ്രൊജക്ട് നം. എസ്സ്.ഒ-217/17.(85/18)

ആകെ മൂല്യം-177460/-

കരാറുകാരൻ- കെ.ഉണ്ണികൃഷ്ണൻ. (എസ്റ്റിമേറ്റ് നിരക്ക്)

MB.No-69/16-17

ബിൽ നം, തീയതി, തുക- 88/17-18, 24/03/2018. 177460/-

അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചമ്രവട്ടം ജി.യു.പി.സ്കൂളിൽ സെപ്റ്റിക് ടാങ്ക് നിർമ്മാണം എന്ന പ്രവർത്തിയിൽ അളവുപുസ്തകം ഇനം 1 ആയി 5.2 മീറ്റർ നീളത്തിലും, 4.1 മീറ്റർ വീതിയിലും, 1.5 മീറ്റർ കനത്തിലും മണ്ണ് നീക്കം ചെയ്യതിലൂടെ 31.98m3 മണ്ണ് ലഭ്യമായിട്ടുണ്ട്. ലഭ്യമായ സ്ഥലത്തുനിന്നും ആയത് നീക്കം ചെയ്യുമ്പോഴുണ്ടാകുന്ന നഷ്ടവും, ആയതിലടങ്ങിയിരിക്കുന്ന ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതു മൂലമുണ്ടാകുന്ന കുറവും പരിഗണിച്ചാൽ തന്നെയും, ഇപ്രകാരം ലഭിക്കുന്ന മണ്ണിന്റെ ഏറ്റവും കുറഞ്ഞത് 60% എങ്കിലും പുനരുപയോഗപ്രദമാണ്. അതിൻപ്രകാരം ഏറ്റവും കുറഞ്ഞത് 19.18 m3 മണ്ണ് പുനരുപയോഗപ്രദമാണ്. എന്നാൽ ആയതിന്റെ പുനരുപയോഗം അളവു പുസ്തകത്തിൽ രേഖപ്പെടുത്തുകയോ, ബില്ലിൽ നിന്നും ടിയിനത്തിൽ തുക കുറവു ചെയ്യുകയോ ചെയ്യിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ ഇതേ വർഷം നടത്തിയിട്ടുള്ള റോഡ് നിർമ്മാണ പ്രവർത്തികൾക്ക്, ഫില്ലിംഗിനായി മണ്ണ് എം3ന് 279.35/- രൂപ നിരക്കിൽ വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. (ഉദാഹരണം തൻ വർഷം നിർവ്വഹിച്ച ഗരുഡൻകാവ് - വടക്കേപ്പാട്ട് ഫുട്പാത്ത് നിർമ്മാണം.) ഇപ്രകാരം വേസ്റ്റേജിന് ശേഷം ഉപയോഗപ്രദമായ മണ്ണിന്റെ വില കുറവ് ചെയ്യാതെ നൽകിയത് മൂലം അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

19.18 m3 x 279.35/ m3 = 5357.93 = 5358/-രൂപ.

മേൽ സൂചിപ്പിച്ച പ്രകാരം കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തുകയോ, ആയതിന്റെ വില ബില്ലിൽ

നിന്നും കുറവു ചെയ്യുകയോ ചെയ്യാതെ കരാറുകാർക്ക് മുഴുവൻ തുകയും നൽകിയത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-12/14-03-2019) ലഭിച്ച മറുപടിയിൽ "കുഴിയെടുത്തത് സ്കൂൾ ഗ്രൗണ്ടിലാണെന്നും, കുട്ടികൾ കളിക്കുമ്പോൾ സ്ലാബ് ഉയർന്ന് നിൽക്കുന്നതു മൂലം അപകടം ഉണ്ടാകാതിരിക്കാൻ സ്ലാബ് പുറമെ കാണാതിരിക്കാൻ ഗ്രൗണ്ടിൽ തന്നെ നിരത്തിയെന്നും, പുനരുപയോഗത്തിന് പറ്റിയ ചെമ്മണ്ണോ, ചരൽ മണ്ണോ അല്ല ലഭിച്ചതെന്നുമാണ്" രേഖപ്പെടുത്തിയിട്ടുള്ളത്. ലഭിച്ച മണ്ണിന്റെ ആകെ അളവിൽ നിന്നും കുറവു ചെയ്ത 40% തന്നെ സ്ലാബ് മൂടുന്നതിന് അധികമാണ്. മാത്രവുമല്ല, ഈ പഞ്ചായത്തിൽ തന്നെ തൻവർഷം നിരവധി വർക്കുകളിൽ സാധാരണ മണ്ണും, കഴിച്ചെടുത്ത മണ്ണും ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയിട്ടുണ്ട്. ആ സ്ഥിതിക്ക് കഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് അനുയോജ്യമല്ല എന്നതും അംഗീകരിക്കാവുന്നതല്ല. ആയതിനാൽ വേസ്റ്റേജിന് ശേഷം ഉപയോഗപ്രദമായ മണ്ണിന്റെ വില കുറവ് ചെയ്യാതെ നൽകിയത് മൂലം അധികം നൽകിയ 5358/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നായി 268021/- രൂപ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജായി ഈടാക്കാത്തത് മൂലം പഞ്ചായത്ത് തനത് ഫണ്ടിന് 2680/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

കളക്ഷൻ ചാർജ്ജ് ഇനത്തിൽ തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിൽ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-10 / 14-03-2019) നൽകിയ മറുപടിയിൽ, പരാമർശത്തിന്റെ അടിസ്ഥാനത്തിൽ അധികം നൽകിയ തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 കരാറുകാരന് സർവ്വീസ് ടാക്സ് ഇനത്തിൽ തുക നൽകിയത് മൂലം അധികചെലവ്-

പ്രൊജക്ട് നം. എസ്സ്.ഒ-73/18.

അടങ്കൽ-400000/-

കരാറുകാരൻ- എം.കിഷോർകുമാർ.

PAC-373275/-

MB.No.16/16-17.

ബിൽ നം, തീയതി,തുക- 05/17-18, 29/06/2017, 373275/-

1994-ലെ ഫിനാൻസ് ആക്ട് ചാപ്റ്റർ V സെക്ഷൻ 66E (h) പ്രകാരം വർക്ക് കോൺട്രാക്ടിൽ ഉൾപ്പെടുന്ന സേവന ഭാഗത്തെ ഡിക്ലയേഡ് സർവ്വീസ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സേവനങ്ങൾക്ക് അതത് കാലം പ്രാബല്യത്തിലുള്ള നിരക്കിൽ സേവന നികുതി ഈടാക്കേണ്ടതാണ്. ധനകാര്യ മന്ത്രാലയത്തിന്റെ 20.06.2012 ലെ 25/12 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം സേവന നികുതി ഒടുക്കുന്നതിൽ നിന്നും നിശ്ചിത സേവനങ്ങളെ ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിലെ ക്രമ നം.12 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുവാനായോ വ്യവസായ/ വാണിജ്യ ആവശ്യങ്ങൾക്കായോ പണികഴിപ്പിക്കുന്ന കെട്ടിടങ്ങൾ ഒഴികെ തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടി നിർമ്മിച്ചു നല്കുന്ന കെട്ടിടങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട വർക്ക്, റിപ്പയർ, മെയിന്റനൻസ് കോൺട്രാക്ടിലെ സേവനങ്ങളെ സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പിന്നീട് 01.03.2015-ലെ 06/2015 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം മേൽ നോട്ടിഫിക്കേഷനിലെ ഇനം-12-ലെ a,c,f എന്നിവയിൽ പറഞ്ഞിരിക്കുന്ന സേവനങ്ങളെ സേവന നികുതിയിൽ നിന്നും ഒഴിവാക്കിയത് ഡിലിറ്റ്

ചെയ്യുകയുണ്ടായി. തുടർന്ന് 01.03.2016-ലെ 09/2016 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 25/2012-ലെ നോട്ടിഫിക്കേഷനിലെ ഇനം.12 ന് താഴെയായി 12A (a),(b),(c) എന്ന ഇനമായി മേൽ ഇനങ്ങൾ സേവന നികുതി നല്കുന്നതിൽ നിന്നും ഒഴിവാക്കി വീണ്ടും കൂട്ടിച്ചേർക്കുകയുണ്ടായി.

എന്നാൽ 2017-18 സാമ്പത്തിക വർഷം അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവർത്തികളിൽ പ്രവർത്തിയുടെ ആകെ മൂല്യത്തോടൊപ്പം സേവന നികുതി ഇനത്തിൽ 10.5%, 6% എന്നീ നിരക്കുകളിൽ സേവന നികുതി കൂടി ഉൾപ്പെടുത്തി തുക നൽകി. മാത്രവുമല്ല, കരാറുകാരൻ തുക ബാങ്കിൽ ഒടുക്കിയതിന്റെ രസീത് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ മാത്രമെ മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരം സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളവ ഒഴികെയുള്ള പ്രവർത്തികൾക്ക് സർവ്വീസ് ടാക്സ് നൽകാവൂ.എന്നാൽ ആയതിന് വിരുദ്ധമായി കരാറുകാരന് തുക നൽകിയത് മൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ വിശദ വിവരങ്ങൾ | സേവന നികുതി നിരക്ക്/നൽകിയ തുക |
|---|---|---|
| 1. | പി.എച്ച്.സി.സബ്സെന്റർ റിപ്പയർ.<br>പ്രൊജക്റ്റ് നം. എസ്സ്.ഒ-73/18.<br>അടങ്കൽ-400000/-<br>കരാറുകാരൻ- എം.കിഷോർകുമാർ.<br>PAC-373275/-<br>MB.No.16/16-17.<br>ബിൽ നം, തീയതി,തുക- 05/17-18, 29/06/2017, 373275/- | 38063/-<br>( 373275 x 10.5% =39194/- , അടങ്കൽ തുകയിൽ ലിമിറ്റ് ചെയ്ത് നൽകിയത് - 38063/-) |
| 2. | ആലുങ്കൽ പി.എച്ച്.സി യിൽ ഫീഡിംഗ് യൂണിറ്റും,ടോയ് ലറ്റും നിർമ്മാണം.<br>പ്രൊജക്റ്റ് നം. എസ്സ്.ഒ-60/18.<br>അടങ്കൽ-200000/-<br>കരാറുകാരൻ- എം.കിഷോർകുമാർ.<br>PAC-186736/-<br>MB.No.17/16-17.<br>ബിൽ നം, തീയതി,തുക- 06/17-18, 29/06/2017, 186736/- | 17744/- ( 168992 x 10.5% =17744/- |
| 3. | കൃഷിഭവനം,പഞ്ചായത്ത് ഓഫീസിനും അറ്റകുറ്റപ്പണികൾ.<br>പ്രൊജക്റ്റ് നം. എസ്സ്.ഒ-062/18.<br>അടങ്കൽ-200000/-<br>കരാറുകാരൻ- എം.കൃഷ്ണകുമാർ.<br>PAC-189077/-<br>MB.No.11/16-17.<br>ബിൽ നം, തീയതി,തുക- 12/17-18, | 11344/-<br>(189077 x6%) |

| | | |
|---|---|---|
| | 29/06/2017, 181711/- | |
| 4. | അംഗനവാടികളുടെ അറ്റകുറ്റപ്പണികൾ.<br>പ്രൊജക്ട് നം. എസ്സ്.ഒ-061/18.<br>അടങ്കൽ-400000/-<br>കരാറുകാരൻ- കെ.ഉണ്ണികൃഷ്ണൻ.<br>PAC-326664/-<br>MB.No.38/16-17.<br>ബിൽ നം, തീയതി,തുക- 28/17-18, 24/07/2017, 323400/- | 31040/-<br>(295624 x10.5%.) |
| 5. | 101-ാംനമ്പർ, കുഞ്ഞപ്പ സ്മാരക അംഗനവാടി റിപ്പയർ.<br>പ്രൊജക്ട് നം. എസ്സ്.ഒ-065/18.<br>അടങ്കൽ-300000/-<br>കരാറുകാരൻ- കെ.ഉണ്ണികൃഷ്ണൻ.<br>PAC-276448/-<br>MB.No.43/16-17.<br>ബിൽ നം, തീയതി,തുക- 27/17-18, 24/07/2017, 300000/- | 29027/-<br>(276448 x 10.5%.) |
| 6. | പാലക്കൽ - ചമ്രവട്ടം - ഒട്ടുംപുറം അംഗനവാടി പൂർത്തീകരണം.<br>പ്രൊജക്ട് നം. എസ്സ്.ഒ-186/17.<br>അടങ്കൽ-200000/-<br>കരാറുകാരൻ- A.P.പ്രകാശൻ.<br>PAC-183806/-<br>MB.No.46/16-17.<br>ബിൽ നം, തീയതി,തുക- 32/17-18, 24/07/2017,183806/- | 19299/-<br>(183806 x 10.5%) |
| | ഒട്ടുംപുറം അംഗനവാടി നവീകരണം.<br>പ്രൊജക്ട് നം. എസ്സ്.ഒ-193/17.<br>അടങ്കൽ-858613/-<br>കരാറുകാരൻ- ഉണ്ണികൃഷ്ണൻ.<br>PAC-732176/-<br>MB.No.42/16-17.<br>ബിൽ നം, തീയതി,തുക-1) 39/17-18, 28/07/2017, | 76878/-<br>( 732176 x 10.5%) |

| | | |
|---|---|---|
| | 160613/-<br>2) 40/17-18, 28/07/2017,<br>648441/- | |
| | ആകെ | 223395/- |

മേൽ രേഖപ്പെടുത്തിയ പ്രകാരം വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറികൾക്ക് (ഓഡിറ്റ് എൻക്വയറികൾ-1/08-03-2019, 2/11-03-2019) ലഭിച്ച മറുപടിയിൽ കരാറുകാരൻ തുക ബാങ്കിൽ ഒടുക്കിയതിന്റെ രസീത് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയതെന്നും, ഫയലിൽ നിന്നും രസീത് നഷ്ടപ്പെട്ടതാകാമെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ ക്രമ നമ്പർ 1 മുതൽ 3 വരെയുള്ള പ്രവർത്തികളുടെ കരാറുകാരന്റെ ചെലാൻ സ്റ്റാറ്റസ് പകർപ്പ് എന്ന പേരിൽ തുക രേഖപ്പെടുത്തിയ ഒരു സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ട്. ഒറിജിനൽ രസീതിന്റെ അഭാവത്തിലും, സേവന നികുതി ഒടുക്കേണ്ടതില്ലാത്ത പ്രവർത്തികൾക്കായി തുക ഒടുക്കിയതിനാലും 223395/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക തിരികെ ഈടാക്കി ക്രമീകരിക്കേണ്ടതാണ്.

## 3-5 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച്-

1. 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പരിശോധിച്ചതിൽ 163 പ്രൊജക്ടുകളായിരുന്നു അസി. എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നത്. അംഗീകരിച്ച പ്രൊജക്ടുകളിൽ 113 എണ്ണം മാത്രമാണ് തൻ വർഷം നടപ്പാക്കിയിട്ടുള്ളത് (69 % മാത്രം).

2. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. നിർവ്വഹണോദ്യോഗസ്ഥൻ പ്രൊജക്ട് പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല.

പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

4. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറുകളിൽ മത്സരം ഉറപ്പാക്കുന്നില്ല.

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭൂരിഭാഗം പ്രവൃത്തികളും കരാറുകാർ മുഖേനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയതൊഴികെയുള്ള ഭൂരിഭാഗം ടെണ്ടറുകളിലും രണ്ട് പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. ഒരു പ്രവൃത്തിയിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ മറ്റെയാൾ എസ്റ്റിമേറ്റ് നിരക്കിലും അധികം രേഖപ്പെടുത്തുന്നു. അടുത്ത പ്രവൃത്തിയിൽ ഇതിന് വിപരീതമായിട്ട് ടെണ്ടർ സമർപ്പിക്കപ്പെടുന്നു. അല്ലെങ്കിൽ ഒരു ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികവും മറ്റേത് .001% അല്ലെങ്കിൽ .01% കുറവും രേഖപ്പെടുത്തിയിരിക്കും. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ ആണ് ടെണ്ടർ സമർപ്പിക്കുന്നതെന്ന് മേൽ പറഞ്ഞവയിൽ നിന്നും സംശയിക്കേണ്ടിയിരിക്കുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നതും, മൽസരാധിഷ്ഠിത ക്വട്ടേഷൻ

ലഭ്യമല്ലാത്ത സ്ഥിതിവിശേഷം സംജാതമാക്കുകയും, ഗ്രാമ പഞ്ചായത്തിന് അധിക ചെലവിന് കാരണമാകുകയും ചെയ്യുന്നു.

5. എഗ്രിമെന്റ് റജിസ്റ്ററിൽ പ്രവൃത്തികൾ കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തിയതി രേഖപ്പെടുത്തുന്നില്ല. ടെണ്ടറുകളിൽ കരാറുകാർ ക്വാട്ട് ചെയ്യുന്ന നിരക്ക് അക്ഷരത്തിൽ രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റിലും പ്രവർത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

6.സെലക്ഷൻ നോട്ടീസിൽ നമ്പരും, അയയ്ക്കുന്ന തീയതിയും രേഖപ്പെടുത്തുന്നില്ല. കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളവയിൽ കൈപ്പറ്റിയ തീയതി രേഖപ്പെടുത്തുന്നില്ല. തന്മൂലം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാറിൽ ഏർപ്പെടുന്നുണ്ടോ?, ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കുന്നുണ്ടോ? തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

7. കരാറുകാരനുമായി ഏർപ്പെടുന്ന കരാറിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച്, 2012 ൽ ജി.ഒ.(പി) 13/2012 /PWD/01-02-2012 നമ്പർ ഉത്തരവ് പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വിവിധ സെക്ഷനുകൾ അനുശാസിക്കും പ്രകാരമുള്ള വ്യവസ്ഥകളല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.

മേൽ രേഖപ്പെടുത്തിയ അപാകതകൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-14/15-03-2019) ലഭ്യമാക്കിയ മറുപടിയിൽ ഭരണ സമിതിയുടെ ശ്രദ്ധ ആവശ്യമായ വിഷയങ്ങളിൽ ആയതിനുള്ള നടപടികൾ സ്വീകരക്കുമെന്നും, രജിസ്റ്ററുകളിലെ അപാകതകൾ ഭാവിയിൽ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിൽ വികസന സ്റ്റാന്റിംഗ് കമ്മറ്റികൾ യഥാസമയം ഇടപെടുന്നതായി കാണുന്നില്ല. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങി അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടുത്തുക എന്നതല്ലാതെ പ്രവൃത്തികളുടെ ഗുണമേന്മ, സുതാര്യത, കൃത്യത, പ്രായോഗികത, പൂർത്തീകരണം എന്നിവ ഉറപ്പ് വരുത്തുന്നതിന് കാര്യക്ഷമമായ ഇടപെടലുകളോ ക്രിയാത്മകമായ നിർദ്ദേശങ്ങളോ പ്രവൃത്തികളുടെ നിർവ്വഹണ ഘട്ടങ്ങളിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിലും മരാമത്ത് വർക്കുകളുടെ പൂർത്തീകരണം സമയബന്ധിതമായി വിലയിരുത്തുന്നതിലും വികസന സ്റ്റാന്റിംഗ് കമ്മിറ്റി സജീവമായി ഇടപെടേണ്ടതുമാണ്.

## 3-6 3 മീറ്ററിൽ താഴെയുള്ള കോൺക്രീറ്റ് റോഡുകൾക്ക് കനം കൂട്ടി നിർമ്മിച്ചതു മൂലം അധിക ചെലവ്.

2017-18 വർഷം അസ്സി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ കോൺക്രീറ്റ് റോഡ് വർക്കുകളിൽ മൂന്ന് മീറ്ററിൽ താഴെ മാത്രം വീതിയുള്ള നടപ്പാതകളിൽ 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 10 cm കനത്തിലും 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.075 cm കനത്തിലുമാണ് നിർവ്വഹിച്ചിട്ടുള്ളത്. തസ്വഭവ. ചീഫ് എഞ്ചിനീയർ, കോഴിക്കോട് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കയച്ച നം.ഡിബി4/9099/2015/സി.ഇ /തസ്വഭവ തീ.28.09.2015 കത്ത് പ്രകാരം വാഹന ഗതാഗതം കുറഞ്ഞ, മൂന്ന് മീറ്ററിൽ താഴെ വീതിയുള്ള നടപ്പാതകൾക്ക് 1:4.8cc 10സെ.മീ. കനത്തിലും.1:2.4cc 5സെ.മീ.കനത്തിലും ചെയ്യാവുന്നതാണെന്നും, വാഹന ഗതാഗതം കൂടുതലുള്ള നടപ്പാതകൾക്ക് സബ് ഗ്രേഡിന്റെ ഉറപ്പു കൂടി പരിഗണിച്ച് 1:4.8cc 10 മുതൽ 15 സെ.മീ.വരെ കനത്തിലും, 1:2.4cc, 5സെ.മീ. മുതൽ 7.5 സെ.മീ.വരെ കനത്തിലും ചെയ്യാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിൽ അധികമുള്ള കനത്തിൽ പ്രവർത്തി നിർവ്വഹിക്കേണ്ടി വരുന്ന പക്ഷം, സബ് ഗ്രേഡിന്റെ ഉറപ്പ് കൂടുതൽ ആവശ്യമുള്ള/ കോൺക്രീറ്റ് ചെയ്യേണ്ട ആവശ്യകത സംബന്ധിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കേണ്ടതാണ്. ഇപ്രകാരം യാതൊന്നും തന്നെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ലായെന്നിരിക്കെ, 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.05 cm കനത്തിൽ നടത്തിയാൽ മതിയാകും. എന്നാൽ 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.075 cm കനത്തിൽ നടത്തിയത് വഴി താഴെ പറയുന്ന പ്രവൃത്തിയിൽ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.കൈപ്പനാൽ കുളം- പൂവ്വാംകുളം റോഡ് റിപ്പയർ -

പ്രൊജക്റ്റ് നം - 36/18

കരാറുകാരൻ - അബ്ദുൾ ഗഫൂർ. (15% കുറഞ്ഞ നിരക്ക്)

ബിൽ നം, തീയതി, തുക -3/17-18, 29-06-17, 416101/-

ആകെമൂല്യം - 489529/-

M book - 23/16-17

| അളവു പുസ്തകം പ്രകാരം 1:2:4 അനുപാതത്തിൽ കോൺക്രീറ്റിംഗ് നടത്തിയതിന്റെ അളവും നൽകിയ തുകയും. (m3ന് 7444.55 രൂപ നിരക്കിൽ) | അനുവദനീയമായ അളവും, തുകയും,അധികം നൽകിയ തുകയും. |
|---|---|
| 1x30x0.7+0.9x 0.075 = 1.80<br>2<br>1x30x0.9+0.75x 0.075 = 1.86<br>2<br>1x30x0.75+1.25x 0.075 = 2.25<br>2<br>1x30x0.80+1.25x 0.075 = 2.305<br>2<br>1x27.30x0.80+0.70x 0.075 = 1.54<br>2<br>ആകെ = 9.75m3<br>നൽകിയ തുക = 72584-10888 (ടെണ്ടർ ഡിഡക്ഷൻ) = 61696/- | 1x30x0.7+0.9x 0.05 = 1.20<br>2<br>1x30x0.9+0.75x 0.05 = 1.23<br>2<br>1x30x0.75+1.25x 0.05 = 1.50<br>2<br>1x30x0.80+1.25x 0.05 = 1.53<br>2<br>1x27.30x0.80+0.70x0.05 = 1.02<br>2<br>ആകെ = 6.48m3<br>48241-7236 (ടെണ്ടർ ഡിഡക്ഷൻ)=41005/-<br>61696 – 41005 = 20691/- |

2.കൈമലശ്ശേരി - ആർ.ബി.കനാൽ റോഡ് റിപ്പയർ-

പ്രൊജക്റ്റ് നം - 35/18

കരാറുകാരൻ - ഷംസുദ്ദീൻ (13.1% കുറഞ്ഞ നിരക്ക്)

ബിൽ നം, തീയതി, തുക -30/17-18, 24-07-17, 425810/-

ആകെമൂല്യം - 490000/-(13.1% ടെണ്ടർ ഡിഡക്ഷന് ശേഷം - 425810/-)

M book - 37/16-17

| അളവു പുസ്തകം പ്രകാരം 1:2:4 അനുപാതത്തിൽ കോൺക്രീറ്റിംഗ് നടത്തിയതിന്റെ അളവും നൽകിയ തുകയും. (m3ന് 7444.55 രൂപ നിരക്കിൽ) | അനുവദനീയമായ അളവും, തുകയും,അധികം നൽകിയ തുകയും. |
|---|---|
| 1x13.2x0.65+0.75x 0.075 = 0.693 | 1x13.2x0.65+0.75x 0.05 = |

| | |
|---|---|
| 2<br>1x4x0.75x0.075 = 0.225<br>1x16.5x0.75x0.075 = 0.930<br>1x4x0.75x0.075 = 0.225<br>1x20x0.75x0.075 = 1.125<br>1x14.90x0.75x0.075 = 0.84<br>1x 13.2x0.10x0.10 = 0.132<br>1x4x0.80x0.075 = 0.24<br>1x 16.5x0.10x0.10 = 0.165<br>1x4x0.80x0.075 = 0.24<br>1x 20x0.10x0.10 = 0.20<br>1x14.90x0.10x0.10 = 0.149<br>ആകെ =5.164m3<br>എസ്റ്റിമേറ്റ് അളവായ 4.869m3ൽ പരിമിതപ്പെടുത്തി നൽകിയ തുക = 36247-4748 (ടെണ്ടർ ഡിഡക്ഷൻ) = 31499/- | 2<br>0.462<br>1x4x0.75x0.05 = 0.150<br>1x16.5x0.75x0.05 = 0.618<br>1x4x0.75x0.05 = 0.150<br>1x20x0.75x0.05 = 0.750<br>1x14.90x0.75x0.05 = 0.558<br>1x 13.2x0.10x0.05 = 0.066<br>1x4x0.80x0.05 = 0.160<br>1x 16.5x0.10x0.05 = 0.082<br>1x4x0.80x0.05 = 0.160<br>1x 20x0.10x0.05 = 0.10<br>1x14.90x0.10x0.05 = 0.074<br>ആകെ =3.33m3<br>24790-3248 (ടെണ്ടർ ഡിഡക്ഷൻ) = 21542/-<br>അധികം നൽകിയത് = 31499-21542= 9957/- |

മേൽ സൂചിപ്പിച്ച പ്രകാരം അധികം തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-6/ 13-03-2019) ലഭ്യമാക്കിയ മറുപടിയിൽ ടി റോഡുകളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് സൈഡ് ഡ്രെയിൻ നിർമ്മിക്കുന്നതിനുള്ള വീതി ഇല്ലാത്തിനാൽ, ഐറിഷ് ഡ്രെയിൻ നിർമ്മിച്ച് വാഹനങ്ങൾക്ക് അതിലൂടെ കടന്നുപോകുന്നതിനും, ലോഡുള്ള വാഹനങ്ങൾ കടന്നുപോകുന്നതിനാലുമാണ് 1:2:4 കോൺക്രീറ്റിംഗ് 0.075 cm കനത്തിൽ നടത്തിയത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഈ വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ അധികം നൽകിയ 30648/- രൂപ (20691 + 9957) ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-7 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനസഹായം നൽകി

പ്രൊജക്ട് : SO 153/18, SC വിദ്യാർത്ഥികൾക്ക് ധനസഹായം.

ബിൽ നം./തീയതി : 13/17-18 / 24.03.2018, തുക :95,000/- [പ്ലാൻ (scp)]

നിർവ്വഹണം : ഹെഡ്മാസ്റ്റർ.

03.04.2017ലെ ജി.ഒ.(എം.എസ്) 80/2017/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് (2017-18വർഷത്തെ സബ്സിഡി മാർഗ്ഗരേഖ) ഖണ്ഡിക 11-8-2 പ്രകാരം സർക്കാരോ സർക്കാർ ഏജൻസികളോ നടത്തുന്ന കേന്ദ്ര, സംസ്ഥാനതല പ്രവേശന പരീക്ഷകളിൽ യോഗ്യത നേടി പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ അക്കാദമിക് വർഷവും സ്കോളർഷിപ്പ് നൽകാവുന്നതാണ്. G.O(Rt)3991/17/തസ്വഭവ. തീയതി 12-12-17 ഉത്തരവ് പ്രകാരം പ്രവേശന പരീക്ഷ ഇല്ലാത്ത സാഹചര്യത്തിൽ മെറിറ്റോറിയസ് ആയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മെറിറ്റോറിയസ് വിദ്യാർത്ഥികൾ എന്നതിൽ ഉൾപ്പെടുന്നതിന് ആവശ്യമായ യോഗ്യത ഉത്തരവുകളിലൊന്നും വ്യക്തമാക്കപ്പെട്ടിട്ടില്ല. തൻമൂലം പ്രവേശന പരീക്ഷയിലൂടെ യോഗ്യത നേടുന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥിക്ക്

20,000/- രൂപ മാത്രം ആനുകൂല്യം നൽകുകയും ഏതൊരു ആർട്സ്, സയൻസ്, കൊമേഴ്സ് ബിരുദ കോഴ്സുകളിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥിക്കും 30,000 രൂപ ലഭിക്കുന്ന വൈരുദ്ധ്യത്തിന് കാരണമായിട്ടുണ്ട്. നൽകാവുന്ന നിരക്ക് താഴെ കൊടുക്കുന്നു.

| | |
|---|---|
| എം.ബി.ബി.എസ്. | 30,000 |
| എഞ്ചിനീയറിംഗ് | 20,000 |
| ബിരുദബിരുദാനന്തര/ഗവേഷണ കോഴ്സുകൾ | 30,000 |
| മറ്റു കോഴ്സുകൾ | 15,000 |
| സംസ്ഥാനത്തിനു പുറത്ത് പഠനം നടത്തുന്നവർ | 50,000 |
| എൻട്രൻസ് കോച്ചിംഗ് | 5,000 |

പ്രസ്തുത പ്രൊജക്റ്റ് പ്രകാരം മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്ര.നം. | വിദ്യാർത്ഥിയുടെ പേരും വിലാസവും | പഠിക്കുന്ന കോഴ്സും സ്ഥാപനവും | നൽകിയ തുക | അനുവദനീയമായ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | ശ്രീ.അഭിജിത് , s/oശ്രീമതി.കുഞ്ഞമ്മ.MP മണ്ണാംപടി പറമ്പിൽ, PPപുരം. | B.Tech, ഗവ.എഞ്ചിനീയറിംഗ് കോളേജ്, പൈനാവ്,ഇടുക്കി. | 25,000 | 20,000 | 5,000 |
| 2 | ശ്രീ.ശ്രീജിത്ത്. KP, s/oവാസു, കറുത്തേടത്തുപടി, ആലത്തിയൂർ. | MA(Sociology), ലയോള കോളേജ്, തിരുവനന്തപുരം. | 30,000 | Nil | 30,000 |
| 3 | ശ്രീ.അമൽജിത്ത് SP, s/oഗണേശൻ ശങ്കരൻ, പറമ്പിൽ, ചമ്രവട്ടം. | ഡിപ്ലോമ (electronics,SemIII) SSMപോളിടെക്നിക്, തിരൂർ. | 20,000 | 15,000 | 5,000 |
| 4 | കുമാരി.അശ്വതി.പി.പി., d/oസുബ്രഹ്മണ്യൻ, പള്ളിയാംപറമ്പിൽ. | Bsc (കെമിസ്ട്രി), MESകോളേജ്, പൊന്നാനി. | 20,000 | 30,000 | |
| ആകെ | | | 95,000 | | 10,000 |

സ്കോളർഷിപ്പ് അനുവദിച്ചതിൽ താഴെ പരാമർശിച്ച അപാകതകൾ കാണുന്നു.

1.എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് നൽകാവുന്ന തുക 20,000/-രൂപയാണ്. എന്നാൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായ ക്രമ നമ്പർ 1 വിദ്യാർത്ഥിക്ക് 25,000/- അനുവദിച്ചിട്ടുണ്ട്. അധികം 5,000/-രൂപ.

2.12-12-17 ലെ ഉത്തരവ് പ്രകാരം അർഹത ലഭിച്ച ക്രമ നമ്പർ 3 വിദ്യാർത്ഥിക്ക് നൽകാവുന്ന തുക 15,000 രൂപ. നൽകിയത് 20,000 രൂപ. അധികം 5,000 രൂപ.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി (നം.08/13-03-19) ക്ക് ലഭ്യമാക്കിയ മറുപടിയിൽ 2018-19 വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിൽ അനുമതിയുണ്ടെന്ന് അറിയിച്ചു. സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കിലും അധികമായി നൽകിയ 10,000/- രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-8 <u>മരുന്നുകൾ ലഭ്യമായിട്ടില്ല</u>

ആയുർവേദ ഡിസ്പെൻസറി, പി.എച്ച്.സി. എന്നിവയിലേയ്ക്കും ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതി, പരിരക്ഷ പദ്ധതി എന്നിവയ്ക്കുമായി ഔഷധി, കെ.എം.എസ്.സി.എൽ. എന്നീ സ്ഥാപനങ്ങളിൽ നിന്ന് മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് അവരുടെ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരം പണം ഒടുക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | പ്രൊഫോർമ ഇൻവോയ്സ് നം. | ബിൽ / ചെക്ക് നം. | തുക |
|---|---|---|---|
| SO227/18 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 26052/ 09.08.17 (2,50,000) | 01/17-18 / 08.12.2017 (MG(NR)) | 3,00,000/- |
| | 36923/14.11.17 (50,000) | | |
| SO 229/18 പരിരക്ഷ | PRF2821/ 12.12.17 (3,93,939) | 03/17-18 /20.01.18 (വികസന ഫണ്ട്) | 4,73,610/- |
| | PRF553/ 12.12.17 (51,505) | | |
| | PRF2823/ 12.12.17 (28,166) | | |
| SO228/18 പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ | PRF3135/ 20.12.17 (28,608) | 04/17-18/ 20.01.18 (MG(NR)) | 2,40,820/- |
| | PRF752/ 20.12.17 (2,12,212) | | |
| | PRF1161/ 27.01.18 (2,02,908) | 07/17-18/ 23.02.18 (MG(NR)) | 4,72,286/- |
| | PRF1162/ 27.01.18 (28,558) | | |
| SO235/18, ജീവിതശൈലീരോഗ നിയന്ത്രണം | PRF3820/ 27.01.18 (66,724) | 06/17-18 /23.02.18 (വികസന ഫണ്ട്) | 66,724/- |
| SO229/18 പരിരക്ഷ | PRF1164/ 27.01.18 (51,940) | ചെക്ക് നം............ (തനത് / ബ്ലോക്ക് വിഹിതം) | 1,32,409/- |
| | PRF3816/ 27.01.18 (80,469) | | |
| ആകെ | | | 16,85,849/- |

മരുന്നുകൾ,ഉപകരണങ്ങൾ എന്നിവ ലഭ്യമായ വിവരം, സ്റ്റോക്കിലെടുത്ത് ഇഷ്യൂ ചെയ്ത വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക മുൻകൂറായി ഒടുക്കുന്നതിനാൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, ഔഷധി എന്നിവയുമായി ചമയ്ക്കുന്ന കരാർ പ്രകാരമുള്ള സമയപരിധിക്കകം തന്നെ മരുന്നുകൾ ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. എന്നാൽ കരാറുകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. SO229/18

പരിരക്ഷ പ്രകാരം മരുന്ന് വാങ്ങുന്നതിന് ഗ്രാമ പഞ്ചായത്തിൽ നിന്ന് ലഭിച്ച 1,32,409/- രൂപയുടെ ഇൻസ്ട്രുമെന്റ് വിവരവും സ്റ്റോക്ക്, ഇഷ്യൂ കരാർ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് അന്വേഷണം (നം. 20/15.03.2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ 16,85,849 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-9 ദുരിതാശ്വാസ നിധി അക്കൗണ്ട് സൂക്ഷിപ്പിലെ - അപാകതകൾ

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്ത് 4.01.2018 ലെ ഒന്നാം നമ്പർ അജൻഡയായി ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന് തീരുമാനിച്ചു. പ്രസ്തുത ആവശ്യത്തിലേക്കായി വരവ്-ചെലവുകൾ കൈകാര്യം ചെയ്യുന്നതിന് തിരൂർ അർബൻ കോപ്പറേറ്റീവ് ബാങ്ക് – ആലത്തിയൂർ ശാഖയിൽ 22.02.2018 ന് 61500 രൂപ പ്രാരംഭ ഡെപ്പോസിറ്റായി 2206007007730 നമ്പർ അക്കൗണ്ട് ആരംഭിച്ചു. 12.03.2018 ലെ 4 ാം നമ്പർ തീരുമാന പ്രകാരം പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി ദുരിതാശ്വാസ നിധി സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധിയുടെ സൂക്ഷിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക ധനകാര്യ പത്രികയിൽ ദുരിതാശ്വാസ നിധിയുടെ ബാങ്ക് അക്കൗണ്ട് ഉൾപ്പെടുത്തിയിട്ടില്ല. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്ന് വേറിട്ട് പഞ്ചായത്ത് സൂക്ഷിക്കുന്ന ഏതൊരു ഫണ്ടിന്റേയും വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ് എന്നിരിക്കെ വാർഷിക ധനകാര്യ പത്രികയിൽ ദുരിതാശ്വാസ നിധിയുടെ ബാങ്ക് അക്കൗണ്ട് ഉൾപ്പെടുത്താത്തത് ക്രമപ്രകാരമല്ല. ദുരിതാശ്വാസ നിധിയുടെ ബാങ്ക് അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. ചട്ടം 3 (4) പ്രകാരം അക്കൗണ്ട് ആരംഭിക്കേണ്ടത് സെക്രട്ടറിയുടെ പേരിലാണ്. എന്നാൽ ദുരിതാശ്വാസ നിധി, തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത് എന്ന പേരിലാണ് ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത്

3. ബാങ്ക് പാസ് ബുക്ക് പ്രകാരം 2017-18 ലെ വരവ് – ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| പ്രാരംഭ നിക്ഷേപം (സംഭാവന) | 61,500 | പിൻവലിച്ചത് (20X5000) | 1,00,000 |
| സംഭാവനകൾ | 4,51,679 | | |
| | | നീക്കിയിരിപ്പ് | 4,13,179 |
| ആകെ | 5,13,179 | | 5,13,179 |

തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയുടെ രസീതി ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന വ്യക്തികളിൽ നിന്ന് ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ഇനത്തിൽ തുക പിരിച്ചെടുത്തിട്ടുണ്ട്.

| രസീതി നമ്പർ | തിയതി | സംഭാവന നൽകിയവരുടെ പേര് വിവരം | സംഭാവന നൽകിയ തുക |
|---|---|---|---|
| 1 | 21.02.2018 | ശ്രീമതി. ഷരീഫ കെ | 39523 |
| 2 | 21.02.2018 | ശ്രീമതി. കെ ഉഷ | 21373 |
| 3 | 21.02.2018 | ശ്രീമതി. കുമാരി പി പി | 18373 |
| 4 | 21.02.2018 | ശ്രീമതി. ജംസീന എം.പി | 13023 |

| രസീതി നമ്പർ | തിയതി | സംഭാവന നൽകിയവരുടെ പേര് വിവരം | സംഭാവന നൽകിയ തുക |
|---|---|---|---|
| 5 | 21.02.2018 | ശ്രീ. നാസർ പി | 42834 |
| 6 | 21.02.2018 | ശ്രീമതി. ജാസ്മിൻ കെ | 26634 |
| 7 | 21.02.2018 | ശ്രീമതി. ഹാജറ പി | 15664 |
| 8 | 21.02.2018 | ശ്രീ.മുഹമ്മദ് ഹനീഫ സി | 2524 |
| 9 | 21.02.2018 | ശ്രീമതി. മറിയാമു പി | 19954 |
| 10 | 21.02.2018 | ശ്രീ.പി.വി മനോജ് | 9854 |
| 11 | 21.02.2018 | ശ്രീ. കെ.ആർ റഷീദ് | 19524 |
| 12 | 21.02.2018 | ശ്രീമതി. കെ.പി റംല | 6424 |
| 13 | 21.02.2018 | ശ്രീ.വി.പി ഷാജഹാൻ | 39524 |
| 14 | 21.02.2018 | ശ്രീ.സജിത്ത് എ | 33024 |
| 15 | 21.02.2018 | ശ്രീ.ഹൈദരാലി പി | 3024 |
| 16 | 21.02.2018 | ശ്രീ. പി കുമാരൻ | 49644 |
| 17 | 21.02.2018 | ശ്രീ.അബ്ദുൽ മജീദ് | 13184 |
| 18 | 21.02.2018 | ശ്രീ.കമറുദ്ദീൻ പി.കെ | 12324 |
| 19 | 21.02.2018 | ശ്രീമതി. ശാലിനി വി | 22524 |
| 20 | 21.02.2018 | ശ്രീമതി. ഇ ആഫില | 30324 |
| 21 | 21.02.2018 | ശ്രീ. കെ. ശാരദ | 34524 |
| 22 | 01.03.2018 | ശ്രീ.കുമാരൻ പി | 11300 |
| 23 | 14.03.2018 | ശ്രീ. സേതുമാധവൻ | 1000 |
| 24 | 14.03.2018 | ഹെഡ്മാസ്റ്റർ, AVLP പെരിന്തല്ലൂർ | 1500 |
| 25 | 14.03.2018 | ശ്രീമതി. ശാലിനി | 7000 |
| 26 | 14.03.2018 | ശ്രീ.മാന ഹാജി | 1000 |
| 27 | 14.03.2018 | മൈനോറിറ്റി ഷോപിംഗ് സെന്റർ, ആലത്തിയൂർ | 3710 |
| 28 | 14.03.2018 | ശ്രീ.ഹരിദാസൻ | 1000 |

| രസീതി നമ്പർ | തിയതി | സംഭാവന നൽകിയവരുടെ പേര് വിവരം | സംഭാവന നൽകിയ തുക |
|---|---|---|---|
| 29 | 14.03.2018 | ശ്രീ.നൗഷാദ് | 200 |
| 30 | 18.03.2018 | ശ്രീ.അബ്ദുറഹിമാൻ | 250 |
| 31 | 18.03.2018 | ശ്രീമതി കുമാരി | 2450 |
| 32 | 20.03.2018 | യുവത കലാ കായിക സാംസ്കാരിക വേദി | 5000 |
| 33 | 20.03.2018 | ഹെഡ്മാസ്റ്റർ, AUPS ചമ്രവട്ടം | 1500 |
| 34 | 21.03.2018 | അമീർ & ജസീന | 100 |
| 35 | 26.03.2018 | സനൽ & ഷിംല | 4150 |
| | | ആകെ | 5,13,960 |

രസീതി ബുക്ക് പ്രകാരം 5,13,960 രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്. എന്നാൽ ബാങ്ക് പാസ് ബുക്കിൽ തൻവർഷം 5,13,179 മാത്രമാണ് വരവ് വന്നിട്ടുള്ളത്. കുറവ് 781 രൂപ (5,13,960-5,13,179). പിരിവ് തുക ബാങ്കിൽ അടവാക്കിയിട്ടുണ്ടെന്ന് സബ് കമ്മിറ്റി ഉറപ്പ് വരുത്തിയിട്ടില്ല.

4.സംഭാവന നൽകിയവർക്ക് നൽകേണ്ടത് രസീതിയുടെ പകർപ്പാണ് എന്നാൽ അതിനു പകരം ഒറിജിനൽ രസീതിയാണ് സംഭാവന നൽകിയവർക്ക് നൽകിയിട്ടുള്ളത്, ക്ര.ന 9,10,11,17,18 എന്നീ രസീതി പ്രകാരം പിരിച്ചെടുത്ത തുകക്കുള്ള ഡ്യൂപ്ലിക്കേറ്റ് രസീതി അതാത് വ്യക്തികൾക്ക് നൽകാതെ രസീതി ബുക്കിൽ സൂക്ഷിച്ചിരിക്കുകയാണ്. ആയത് ക്രമ പ്രകാരമല്ല.

5. 31.03.2018 ന് ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 408,179 രൂപയാണ് എന്നാൽ ബാങ്ക് പാസ് ബുക്ക് പ്രകാരം 4,13,179 രൂപയാണ്, വ്യത്യാസം ക്രമീകരിക്കുന്നതിന് പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കിയിട്ടില്ല

6. നിധിയിൽ നിന്ന് ധനസഹായം നൽകാൻ തീരുമാനിക്കുന്നതിനു മുമ്പ് അപേക്ഷന് മറ്റേതെങ്കിലും ഏജൻസിയിൽ നിന്ന് ലഭിച്ച, അല്ലെങ്കിൽ ലഭിക്കാവുന്ന ധനസഹായത്തെപറ്റി സബ് കമ്മിറ്റി പരിഗണിച്ചതിന്റെ വിവരം ദുരിതാശ്വാസ നിധി സബ്കമ്മിറ്റി മിനുട്സിൽ ഇല്ല

7. ഓഡിറ്റിന് ഹാജരാക്കിയ അപേക്ഷാ രജിസ്റ്ററിൽ വാർഡിന്റെ നമ്പറും അപേക്ഷകരുടെ പേരു വിവരവും മാത്രമാണ് ഉള്ളത്, ചട്ടം 5 (2) നിഷ്കർശിച്ച പ്രകാരം അപേക്ഷകളെ സംബന്ധിച്ച വിവരം, അനുവദിക്കപ്പെട്ട ധനസഹായം, എന്നിവ രേഖപ്പെടുത്തിയിട്ടില്ല

## **3-10** തൃപ്രങ്ങോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ **HMC** വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 9 (1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം (ജൂലൈ 31) HMC യുടെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ തൃപ്രങ്ങോട് പ്രാഥമികാരോഗ്യ കേന്ദ്രം, എച്ച്.എം.സി രൂപീകരിച്ചതു മുതൽ 2017-18 വരെയുള്ള വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/12.03.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. എച്ച്.എം.സി രൂപീകരിച്ചതു മുതൽ 2017-18 വരെയുള്ള വരവ്-ചെലവ്

കണക്കുകൾ അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

## 3-11 ശമ്പള പരിഷ്ക്കരണ കുടിശ്ശികക്ക് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

ജീവനക്കാരുടെ 1-7-2014 മുതലുള്ള ശമ്പള പരിഷ്ക്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ ക്യാഷ് ആയി വിതരണം ചെയ്യുന്നതിനും/ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനുമായി താഴെ കൊടുത്തിട്ടുള്ള വിധം തുകകൾ പിൻവലിച്ചിട്ടുണ്ട്. എന്നാൽ കുടിശ്ശിക അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായ നിരക്കിൽ പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വൗച്ചർ നമ്പർ | ജീവനക്കാരുടെ പേര് | കുടിശ്ശിക വിവരം | കുടിശ്ശിക തുക |
|---|---|---|---|
| 21700026/7-4-2017 58357 രൂപ | അമ്പിളി. വി.സി. സീനിയർ ക്ലാർക്ക് | ഒന്നാം ഗഡു, (ക്യാഷ്) | 10102 |
| ,, | മിനുമോൻ.എസ്.എസ്.,ക്ലാർക്ക് | ,, | 10866 |
| ,, | ബീനാറാണി.എസ്. ക്ലാർക്ക് | ,, | 10812 |
| ,, | സുരേഷ് എം.വി, ക്ലാർക്ക് | ,, | 10713 |
| 21700275/24-7-17 5395 രൂപ | സനൽ.കെ, സീനിയർ ക്ലാർക്ക് | ഒന്നാം ഗഡു, (പി.എഫ്.) | 3837 |
| 21700317/16-8-17 102020 രൂപ | മിനി.കെ.കെ., അസി.സെക്ര. | ,, | 20419 |
| ,, | സനീഷ് കുമാർ ,ടി.ബി. അക്കൗണ്ടന്റ്. | ,, | 15009 |
| ,, | ശ്രീജ കുഞ്ഞിപ്പുരയിൽ, സിനി. ക്ലാർക്ക് | ,, | 13899 |
| ,, | ലീല. കെ. വി., ഒ.എ. | ,, | 23233 |
| 21700318/16-8-17 11408രൂപ | വിനോയി.എം.കെ. സിനി.ക്ലാർക്ക് | ,, | 8114 |
| 21700390/14-9-17 52011രൂപ | ജയശങ്കർ, സെക്രട്ടറി | ,, | 36992 |

| | | | |
|---|---|---|---|
| 21700461/6-10-2017<br>24108രൂപ | ബീനാറാണി. എസ്., ക്ലാർക്ക് | രണ്ടാം ഗഡു,<br>(ക്യാഷ്) | 10812 |
| ,, | സുരേഷ്. എം.വി, ക്ലാർക്ക് | ,, | 10713 |
| 21700619/8-12-2017<br>50914 രൂപ | രവീന്ദ്രൻ, മുൻ സെക്രട്ടറി | ഒന്നും രണ്ടും ഗഡുക്കൾ | 75344 |
| 21700629/21-12-2017<br>109791 രൂപ | മിനി.കെ.കെ., അസി.സെക്ര. | രണ്ടാം ഗഡു, (പി.എഫ്.) | 20419 |
| ,, | ലില. കെ. വി., ഒ.എ. | ,, | 23233 |
| ,, | സതിഷ് കുമാർ ,ടി.ബി.<br>അക്കൗണ്ടന്റ്. | ,, | 15009 |
| ,, | ബീനാറാണി. എസ്. ക്ലാർക്ക് | ,, | 10812 |
| ,, | സനൽ.കെ, സീനിയർ ക്ലാർക്ക് | ,, | 3837 |
| ,, | അമ്പിളി. വി.സി.<br>സീനിയർ ക്ലാർക്ക് | ,, | 10102 |
| 21700630/21-12-2017<br>35949 രൂപ | സുരേഷ്. എം.വി, ക്ലാർക്ക് | ,, | 12920 |
| ,, | മിനുമോൻ.എസ്.എസ്.<br>ക്ലാർക്ക് | ,, | 10866 |
| ,, | വിനോയി.എം.കെ.<br>സിനി.ക്ലാർക്ക് | ,, | 8114 |
| 21700634/22-12-2017<br>57315രൂപ | കുമാരൻ, എച്ച്.സി (റിട്ട.) | ഒന്നും രണ്ടും ഗഡുക്കൾ | 45192 |
| 21700650/30-12-2017<br>41819രൂപ | ജയശങ്കർ, സെക്രട്ടറി | രണ്ടാം ഗഡു | 36992 |

മേൽ ജീവനക്കാരുടെ കുടിശ്ശിക അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-12 ഗ്രാമ പഞ്ചായത്ത് വിഹിതം നൽകി- കൈപറ്റ് രശീതിയും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

താഴെ കൊടുത്തിട്ടുള്ള വിധം തുകകൾ ട്രഷറിയിൽ നിന്നും പിൻവലിച്ച് വിവിധ സ്ഥാപനങ്ങൾക്ക് ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി നൽകിയിട്ടുണ്ട്. എന്നാൽ ടി- സ്ഥാപനങ്ങൾക്ക് കൈമാറിയ തുകകൾ കൈപറ്റിയതായി രശീതിയോ കൈപറ്റിയ തുകകൾ അതാത് പ്രൊജക്ടുകൾക്ക് വേണ്ടി വിനിയോഗിച്ചതായി വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് വിവരം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പിൻവലിച്ച തുക | ബിൽ നമ്പർ/ തിയതി |
|---|---|---|---|---|
| 1 | ഐ.കെ.എം. വിഹിതം നൽകൽ<br>പ്രൊജക്ട് നം. 88/18 | സെക്രട്ടറി | 65000 | 4/14-8-2017 |
| 2 | സാമൂഹ്യ സുരക്ഷാ മിഷന് ഫണ്ട് കൈമാറൽ<br>പ്രൊജക്ട് നം. 92/18 | ,, | 200000 | 7/ 27-9-2017 |
| 3 | പി.എം.എ.വൈ. വിഹിതം നൽകൽ<br>പ്രൊജക്ട് നം. 137/18 | ,, | 454000 | 3/ 14-8-2017,<br>25/ 24-3-2018 |
| 4 | എസ്.എസ്.എ. വിഹിതം നൽകൽ<br>പ്രൊജക്ട് നം. 90 /18 | ,, | 1425000 | 1/ 30-6-2017,<br>19/23-2-2018 |
| 5 | പി.എം.എ.വൈ. വിഹിതം നൽകൽ (എസ്.സി.)<br>പ്രൊജക്ട് നം. 136/18 | അസി.സെക്രട്ടറി | 45000 | 6/14-8-2017 |

ആകെ- 21,89,000

മേൽ തുകകൾ കൈപറ്റിയതിന്റേയും വിനിയോഗിച്ചതിന്റേയും രേഖകൾ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-16/15-3-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെയും കൈപറ്റ് രശീതിയുടെയും അഭാവത്തിൽ ചെലവ് തുക 21,89,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-13 എസ്.സി. യുവജനങ്ങൾക്ക് ഓട്ടോറിക്ഷ നൽകൽ– അപാകതകൾ

2017-18 വർഷത്തിൽ അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി എസ്.സി. യുവജനങ്ങൾക്ക് ഓട്ടോറിക്ഷ നൽകുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന പ്രൊജക്ടുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ/ തിയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 1/18 (സ്പിൽഓവർ) | 250000 | 100000 | 7/14-8-2017 |
| 2 | 99/18 (New) | 350000 | 350000 | 13/ 17-11-2017<br>17/12-3-2018<br>18/ 22-3-2018 |

മേൽ പ്രൊജക്ടുകൾ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന 9 ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് ഒരാൾക്ക് 50000 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. 8 പേരുടെ സബ്സിഡി തുക തിരൂർ മോട്ടോർ ട്രാൻസ്പോർട്ട് കോ.ഓപ്പറേറ്റീവ് സൊസൈറ്റിയിലേക്കും ഒരാളുടെ സബ്സിഡി കേരള ഗ്രാമീണ ബാങ്ക് ശാഖയിലേക്കുമാണ് നൽകിയിട്ടുള്ളത്.

1. സുര. വി.പി.

2. രഞ്ജിഷ്. പി.പി.

3. കൃഷ്ണൻ .എം.പി.

4. വിപിൻ ഇ.കെ.

5. ഹരീഷ്. വി.പി.

6. ലാലു . വി.കെ.

7. ശിവദാസൻ. എം.

8. പ്രതീഷ്. എൻ.

9. അജയകുമാർ പുലപ്പറമ്പിൽ

ഫയലിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. ക്രമ നമ്പർ 1 മുതൽ 8 വരെയുള്ള ഗുണഭോക്താക്കളുടെ ഓട്ടോറിക്ഷകൾ റജിസ്റ്റർ ചെയ്തിട്ടുള്ളത് തിരൂർ മോട്ടോർ കോ.ഓ.സൊസൈറ്റിയുടെ സെക്രട്ടറിയുടെ പേരിലാണ്. ഗുണഭോക്താക്കളുടെ പേരിൽ ഓട്ടോറിക്ഷ റജിസ്റ്റർ ചെയ്യാതെയും ലോൺ തിരിച്ചടവ് കഴിയുന്ന മുറയ്ക്ക് ഗുണഭോക്താക്കളുടെ പേരിൽ വാഹനം റജിസ്റ്റർ ചെയ്ത് നൽകേണ്ടതാണ് എന്ന മാനദണ്ഡം ഉൾപ്പെടുത്തി സൊസൈറ്റിയുമായി കരാർ ചമയ്ക്കാതെയുമാണ് സബ്സിഡി തുക ഏകപക്ഷീയമായി സൊസൈറ്റിക്ക് നൽകിയിട്ടുള്ളത്.

2. ഗുണഭോക്താക്കളുടെ പേരിൽ സ്റ്റാമ്പ് പേപ്പർ വാങ്ങി എന്നല്ലാതെ വാഹനം കൈമാറ്റം ചെയ്യുകയോ വിൽപന നടത്തുകയോ ഇല്ലെന്നും ദുരുപയോഗം ചെയ്യുകയില്ലെന്നുമുള്ള വിവരം ഉൾപ്പെടുത്തി ഗുണഭോക്താക്കളുമായി കരാർ ചമച്ചിട്ടില്ല.

3. ഗുണഭോക്താക്കൾ ലോൺ എടുത്തതിന് ശേഷം ബാക്ക് എൻഡ് സബ്സിഡിയായിട്ടാണ് തുക സൊസൈറ്റിക്ക്/ ബാങ്കിന് നൽകേണ്ടത്. എന്നാൽ സബ്സിഡി തുക സൊസൈറ്റിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന് ശേഷമാണ് ഗുണഭോക്താക്കൾക്ക് ലോൺ അനുവദിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് കത്ത് നൽകുന്നത്. (13-9-2017 ലെ A2-1002/16 നമ്പർ കത്ത്)

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ 18/15-3-2019 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മതിയായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ നില നിൽക്കുന്നതിനാൽ ഓട്ടോറിക്ഷകൾ ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകുന്നത് വരെ ചെലവ് തുക 450,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-14 കുടിവെള്ള പദ്ധതികൾ ഗ്രാമ പഞ്ചായത്തിന് ബാധ്യതയായി മാറുന്നു.

സ.ഉ. (സാ) നം.1275/2009/ത.സ്വ.ഭ.വ. തി. 30.5.2009. പ്രകാരം പണി പൂർത്തിയാക്കിയ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃ സമിതിയെ ഏല്പിക്കേണ്ടതാണ്. വൈദ്യുതി ചാർജ്, ഓപ്പറേറ്ററുടെ വേതനം, പമ്പ്, മോട്ടോർ എന്നിയുടെ റിപ്പയർ ചെലവ് തുടങ്ങിയവ കമ്മിറ്റിയാണ് വഹിക്കേണ്ടത്.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടത്താൻ തയ്യാറല്ലെങ്കിൽ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുകയും ഗുണഭോക്താക്കളിൽ നിന്നും ന്യായമായ വാട്ടർ ചാർജ് പിരിച്ചെടുക്കേണ്ടതുമാണ്. പണി പൂർത്തിയാക്കിയ കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണെന്ന് 13-ാം പദ്ധതി മാർഗ്ഗരേഖയിലും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വിവിധ കുടിവെള്ള പദ്ധതികളുടെ വൈദ്യുതിചാർജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നിവ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 304803 രൂപയും പമ്പ് ഓപ്പറേറ്ററുടെ വേതനം 60000 രൂപയും ഉൾപ്പെടെ 3,64,803 രൂപ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി 2017-18 വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കുടിവെള്ള പദ്ധതി | വൈദ്യുതി ചാർജായി അടവാക്കിയ തുക | പമ്പ് ഓപ്പറേറ്ററുടെ വേതനം |
|---|---|---|---|
| 1 | കൈമലശ്ശേരി കുടിവെള്ള പദ്ധതി<br>കൺസ്യൂമർ നം. 1165741034393 | 101982 | പ്രതിമാസം 5000 രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 60000 രൂപ നൽകി. (ശ്രീ. ഷംസുദ്ദീൻ എന്നവർക്ക് നൽകിയത്) |
| 2 | നദീ നഗർ കുടി വെള്ള പദ്ധതി<br>കൺസ്യൂമർ നം. 1165745042182 | 150232 | |
| 3 | കൈപ്പാടം തണ്ടില്ലാക്കര കുടി വെള്ള പദ്ധതി<br>കൺസ്യൂമർ നം. 1165743028404 | 3366 | |
| 4 | മേപ്പാടം കുടി വെള്ള പദ്ധതി<br>കൺസ്യൂമർ നം. 1165743044154 | 4333 | |
| 5 | മേലേപ്പറമ്പ് കൈപ്പാടം കുടി വെള്ള പദ്ധതി<br>കൺസ്യൂമർ നം. 1165744040720 | 8171 | |
| 6 | മുള്ളമട കുടി വെള്ള പദ്ധതി<br>കൺസ്യൂമർ നം. 1165733012747 | 32389 | |
| 7 | ശങ്കരമ്പറമ്പ് കോളനി കുടി വെള്ള പദ്ധതി<br>കൺസ്യൂമർ നം. 1167819012654 | 4330 | |

| | | | |
|---|---|---|---|
| | ആകെ | 3, 04,803 | 60000 |

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചെലവ് ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്നും ദീർഘകാലമായി നൽകുന്നത് ക്രമവിരുദ്ധമാണെന്ന് 2016-17 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖ- 3-19 ൽ പരാമർശിച്ചിട്ടും മേൽ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികളെ തിരികെ ഏൽപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ നിന്നും നടത്തിപ്പ് ചെലവ് നൽകുന്നതിനാൽ തനത് ഫണ്ടിന് വൻ ചോർച്ചയുണ്ടാകുന്നു.

മേൽ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികളെ ഏല്പിക്കാതിരിക്കുന്നതിന് കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ- 24/18-3-2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 3-15 ഭവന നിർമ്മാണം (ജനറൽ-ലൈഫ്) - ഗുണഭോക്താവ് തിരിച്ചടച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടവാക്കിയിട്ടില്ല.

വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഭവന നിർമ്മാണം (ജനറൽ- ലൈഫ്) പദ്ധതി പ്രകാരം (പ്രൊജക്ട് നമ്പർ- 139/18) ശ്രീ. അബ്ദുൽ അസീസ്, s/o. ഹംസ, കാളിയാടൻ, പൊയിലിശ്ശേരി എന്ന ഗുണഭോക്താവ് ഭവന നിർമ്മാണത്തിന് ഒന്നാം ഗഡു ധന സഹായം 140000 രൂപ കൈപറ്റിയിരുന്നു. (ബിൽ നമ്പർ- 10/ 2017-18, തി- 28-3-2018, 140000 രൂപ)

എന്നാൽ ടി- ഗുണഭോക്താവ് വീട് പണി പൂർത്തീകരിക്കാൻ താൽപര്യമില്ലെന്ന് അറിയിക്കുകയും മുൻകൂർ വാങ്ങിയ തുക രശീതി. നം. 118130500001/ 27-4-2018 പ്രകാരം ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കിയിട്ടുണ്ട്. തിരിച്ചടവാക്കിയ പദ്ധതിപ്പണം സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കിയിട്ടില്ല. ആയത് തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-16 സാക്ഷരതാ പ്രേരക്മാർക്ക് തനത് ഫണ്ടിൽ നിന്നും വേതനം നൽകി- തുക സാക്ഷരതാ ഫണ്ടിൽ നിന്നും ക്രമീകരിച്ചിട്ടില്ല.

സാക്ഷരതാ പ്രേരക്മാർക്കും അസിസ്റ്റന്റ് പ്രേരക്മാർക്കും തനത്/ പൊതു ആവശ്യ ഫണ്ടിൽ നിന്നും ഓണറേറിയം നൽകുന്നതിനുള്ള പ്രത്യേകാനുമതി സർക്കാർ നൽകിയിട്ടുള്ളത് ടി- തുക സാക്ഷരതാ മിഷൻ തിരികെ നൽകണം എന്ന നിബന്ധനയോടു കൂടിയാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ചെറിയ പറപ്പൂർ, പാവേരിക്കര എന്നീ തുടർ വിദ്യാ കേന്ദ്രങ്ങളിലെ പ്രേരക്മാർക്കും അസിസ്റ്റന്റ് പ്രേരക്മാർക്കും താഴെ കൊടുത്തിട്ടുള്ള വിധം 1,06,907 രൂപ തനത് ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയിട്ടുണ്ട്. എന്നാൽ ടി- തുക സാക്ഷരതാ ഫണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് ക്രമീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഓണറേറിയം നൽകിയതിന്റെ വിവരം | നൽകിയ തുക | വൗച്ചർ നമ്പർ |
|---|---|---|---|
| 1 | ചെറിയ പറപ്പൂർ പ്രേരക് ശ്രീമതി. പി കൃഷ്ണ കുമാരിയുടെ 12/16 മുതൽ 2/17 വരെയുള്ള ഓണറേറിയം. | 25238 | 21700040/ 27-4-2017 |
| 2 | ടി- 3/17 | 12000 | 21700041/ 27-4-2017 |
| 3 | പാവേരിക്കര പ്രേരക് ശ്രീമതി. പി. ഉഷാമണിയുടെ 12/16 മുതൽ 3/17 വരെയുള്ള ഓണറേറിയം. | 37238 | 21700042/ 27-4-2017 |
| 4 | പാവേരിക്കര അസി. പ്രേരക് ശ്രീമതി. ലക്ഷ്മിയുടെ 12/16 മുതൽ 3/17 വരെയുള്ള ഓണറേറിയം. | 32431 | 217000423 27-4-2017 |

| | | | |
|---|---|---|---|
| | ആകെ | 106907 | |

സാക്ഷരതാ മിഷനിൽ നിന്നും ഫണ്ട് ലഭ്യമാക്കി തനത് ഫണ്ടിൽ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-17 ഗ്രാമ പഞ്ചായത്തുകൾക്ക് തുക കൈമാറിയതിന് രശീതി ഹാജരാക്കിയിട്ടില്ല.

31-5-2015 ന് സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. രവീന്ദ്രൻ, മുൻ സെക്രട്ടറിയുടെ ശമ്പള നിർണ്ണയത്തിൽ അപാകത വന്നത് മൂലം അധികമായി കൈപറ്റിയ തുക തിരിച്ചടവാക്കി ക്രമീകരിക്കണമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ 18-9-2015 ലെ കെ.എസ്.എ.എം.പി.എം.17/1536/2015 നമ്പർ കത്തിൽ നിർദ്ദേശിച്ചിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ അധികമായി കൈപ്പറ്റിയ ശമ്പളം ടി-യാന്റെ ശമ്പള കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കളിൽ നിന്നും തിരിച്ച് പിടിക്കുന്നതിനും പുറത്തൂർ, മംഗലം എന്നീ പഞ്ചായത്തുകളിൽ നിന്നും അധികമായി കൈപ്പറ്റിയ ശമ്പളം പ്രസ്തുത പഞ്ചായത്തുകൾക്ക് തിരികെ നൽകുന്നതിനും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ D6-3225/2012, തി-23-9-2017 പ്രകാരം ഉത്തരവായിരുന്നു. ശ്രീ. രവീന്ദ്രന് അർഹമായ ശമ്പള കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കളിൽ നിന്നും (95565 രൂപ) അധികമായി കൈപ്പറ്റിയ 44641 രൂപ കുറവ് ചെയ്ത് 50914 രൂപയാണ് വൗച്ചർ നമ്പർ- 21700619/8-12-2017 പ്രകാരം ടി-യാന് കുടിശ്ശികയായി നൽകിയിട്ടുള്ളത്. അധികമായി കൈപ്പറ്റിയ 44641 രൂപ പുറത്തൂർ ഗ്രാമ പഞ്ചായത്തിന് 18642, മംഗലം ഗ്രാമ പഞ്ചായത്തിന് 18150, തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്തിന് 7849 എന്നിങ്ങനെ തിരികെ നൽകാനും മേൽ ഉത്തരവിൽ നിർദ്ദേശിച്ചതാണ്. പുറത്തൂർ ഗ്രാമ പഞ്ചായത്തിന് നൽകേണ്ട തുക 18642 രൂപ, വൗച്ചർ- 21700904 / 16-3-2018 പ്രകാരവും മംഗലം ഗ്രാമ പഞ്ചായത്തിന് നൽകേണ്ട 18150 രൂപ, വൗച്ചർ- 21700903/ 16-3-2018 പ്രകാരവും തനത് ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ടി- ഗ്രാമ പഞ്ചായത്തുകൾ തുക കൈപ്പറ്റിയതായി രസീതി ഹാജരാക്കിയിട്ടില്ല.

തുക അതാത് ഗ്രാമ പഞ്ചായത്തുകൾ കൈപ്പറ്റിയതിന്റെ രേഖ ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 36792 രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല )

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 4,25,000 | 96/18- സമഗ്ര നെൽകൃഷി വികസന പദ്ധതി | 4,25,000 | 0 |
| | 4,54,167 | 229/18 -പരിരക്ഷ | 1,96,804 | 257363 |
| | 2,00,000 | 101/18 – ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 1,99,960 | 40 |
| | 1,50,000 | 240/18 – ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 9490 | 140,510 |
| ആകെ | 12,29,167 | | 8,31,254 | 3,97,913 |
| ജില്ലാ പഞ്ചായത്ത് | 4,25,000 | 96/18- സമഗ്ര നെൽകൃഷി വികസന പദ്ധതി | 4,25,000 | 0 |
| ആകെ | 4,25,000 | | 4,25,000 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല

## 4-4 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 3(1) | 2006-07 | -- | തയ്യൽ മെഷീൻ കുറഞ്ഞ നിരക്ക് സ്വീകരിച്ചില്ല 31520 രൂപ | നടപടി തുടരുന്നു |
| 1998-99 | 3(9) | 2007-08 | -- | വൗച്ചറുകൾ ഹാജരാക്കിയില്ല | നടപടി തുടരുന്നു |
| 2015-16 | 2(4) | 2016-17 | -- | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | നടപടി തുടരുന്നു |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാ ക്കിയ തുക | | |
| 1 | 2008-09 | 2-1<br>2-3b<br>2-3a<br>2-2<br>3-1a<br>3-1b<br>3-2<br>3-8 | P.Haridasan | LF10423/sp.cell/ scD1/12/15.6.15<br>LF10423/sp.cell/ scD1/12/16-7-14<br>LF10423/sp.cell/ scD1/12/16-7-14 | 2890<br>1140<br>150<br>2333<br>40000<br>30000<br>45520<br>5000 | | | | | | 2890<br>1140<br>150<br>2333<br>40000<br>30000<br>45520<br>5000 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുൻബാക്കി ഉൾപ്പെടെ) | : | 9,08,44,950.71 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,51,98,482 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 98304 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 45,85,036 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 52298 | 40898/- ശ്രീമതി. ജുമൈലത്ത് വി.വി അസി. എഞ്ചിനിയർ.<br>11400/- ശ്രീമതി. സിനു.എൻ അസി. എഞ്ചിനിയർ. |
| 3-2 | | 5358 | ശ്രീമതി. ജുമൈലത്ത് വി.വി അസി. എഞ്ചിനിയർ |
| 3-6 | | 30648 | ശ്രീമതി. സിനു.എൻ അസി. എഞ്ചിനിയർ |
| 3-7 | | 10,000 | ശ്രീ.ഹമീദ്. യു.എം., ഹെഡ്മാസ്റ്റർ |
| ആകെ | | 98,304 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 223395 | ശ്രീമതി. ജുമൈലത്ത് വി.വി, അസി. എഞ്ചിനിയർ |

| | | |
|---|---|---|
| 3-8 | 16,85,849 | ഡോ. സൈറ മോൾ,<br>മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) |
| 3-12 | 21,89,000 | ശ്രീ. ബാബു ടി.കെ, സെക്രട്ടറി |
| 3-13 | 450000 | ശ്രീ. ശ്രീനിവാസൻ എം, അസി. സെക്രട്ടറി |
| 3-17 | 36792 | ശ്രീ. ബാബു ടി.കെ, സെക്രട്ടറി |
| ആകെ | 45,85,036 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം:
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ:
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സിനു.എൻ<br>അസി.എഞ്ചിനീയർ | ഡിപ്പാർട്ട്മെന്റ് വിട്ടുപോയി. | പുതിയ പറമ്പിൽ ഹൗസ്,<br>പുറത്തൂർ (പി.ഒ), മലപ്പുറം |
| ശ്രീമതി. ജുമൈലത്ത് വി.വി<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത് | തിരുനാവായ കളത്തിൽ ഹൗസ്<br>പകരനെല്ലൂർ, പഴൂർ പോസ്റ്റ്, കുറ്റിപ്പുറം,<br>മലപ്പുറം |
| ശ്രീ.ഹമീദ്.യു.എം | ജി.യു.പി.എസ്. ചമ്രവട്ടം | ഉക്കിനി വീട്ടിൽ<br>വി.പി. പുരം (പി.ഒ)<br>മലപ്പുറം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1980-81 | എൽ.എഫ്.എം.7/326 തീയതി: 05.01.91 | 1 |
| 1985-86 | എൽ.എഫ്.എം.7/1204/90 തീയതി: 03.04.91 | 3 |
| 1986-87,<br>1987-88 | എൽ.എഫ്.എം.7/341/92 തീയതി: 30.07.92 | 2 |
| 1997-98 | എൽ.എഫ്.എം.7/246/06 തീയതി: 03.11.2010 | 4 |
| 1998-99 | എൽ.എഫ്.എം.7/1836/06 തീയതി: 03.11.2010 | 22 |
| 1999-2000 | എൽ.എഫ്.എം.14/577/08 തീയതി: 05.10.10 | 3 |
| 2000-2001 | എൽ.എഫ്.എം.14/578/08 തീയതി: 5.10.10 | 11 |
| 2001-02 | എൽ.എഫ്.എം.14/579/08 തീയതി: 5.10.10 | 8 |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.എം.14/580/08 തീയതി: 5.10.10 | 2 |
| 2003-04 | എൽ.എഫ്.എം.14/581/08 തീയതി: 5.10.10 | 11 |
| 2004-05 | എൽ.എഫ്.എം.14/591/09 തീയതി: 5.10.10 | 22 |
| 2005-06 | എൽ.എഫ്.എം.11/881/10 തീയതി: 22.05.12 | 16 |
| 2006-07 | എൽ.എഫ്.എം.11/882/10 തീയതി: 22.05.12 | 10 |
| 2007-08 | എൽ.എഫ്.എം.17/507/11 തീയതി: 20.5.11 | 13 |
| 2008-09 | എൽ.എഫ്.എം.17/508/11 തീയതി: 25.5.11 | 22 |
| 2009-10, 2010-11 | എൽ.എഫ്.എം.17/1212/13 തീയതി: 17.7.13 | 12 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.17/72/2016 തീയതി: 24.11.2016 | 13 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം.17/2040/16 തീയതി: 04-08-16 | 17 |
| 2015-16 | കെ.എസ്.എ.എം.പി.എം..17/21/2017 തീയതി: 20-02-18 | 13 |
| 2016-17 | കെ.എസ്.എ.എം.പി.എം.17/2037/2017 തീയതി: 09-07-18 | 20 |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

**<u>അനുബന്ധം-1</u>**

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം17/1654/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in
തീയ്യതി 04/07/2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രജ് നിയമം - വകുപ്പ് 215 (6) 2011 ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം